"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

| പുസ്തകം 2 | 1964 ആഗസ്റ്റ് 1 | ലക്കം 10 |
|---|---|---|

അചിന്ത്യമവ്യക്തമനന്തരൂപം
ശിവം പ്രശാന്തമമൃതം ബ്രഹ്മയോനിം ।
തഥാffദിമദ്ധ്യാന്തവിഹീനമേകം
വിഭും ചിദാനന്ദമരൂപമത്ഭുതം ॥

—കൈവല്യോപനിഷത് 1—6

സർവ്വേശ്വരൻ അചിന്ത്യനും, അവ്യക്തനും, അരൂപനും, അനന്തനും, സർവ്വശാന്തനും, അമൃതനും, സർവ്വജഗത്തിൻേറയും ഉല്പത്തിസ്ഥാനവും, അദിമദ്ധ്യാന്തരഹിതനും, ഏകനും, സർവ്വവ്യാപിയും, ചൈതന്യപൂർണ്ണനും, ആനന്ദമയനും, അത്ഭുതസ്വരൂപനുമാകുന്നു.

ഒറ്റപ്രതി വില: 0-40. വാർഷികവരിസംഖ്യ: 4-50.

# വിഷയവിവരം


1. ധർമ്മ ഏവ ഹതോ ഹന്തി ധർമ്മോ രക്ഷതി രക്ഷിതഃ 1

2. ശ്രീശുകൻെറ ജ്ഞാനനിഷ്ഠയും നിർവൃതിയും 7

—സ്വാമി പൂർണ്ണാനന്ദതീർത്ഥ

3. ശ്രീശങ്കരൻെറ മഹദ്കൃത്യം 13

—സ്വാമി ആത്മാനന്ദ

4. സംയമം 16

—ശാന്താദേവി

5. അമരവാണി 19

6. ആത്മജ്ഞാനോപദേശവിധി 20

—സ്വാമി ഹരിഹരാനന്ദസരസ്വതി

7. ഉത്തരഖണ്ഡപര്യടനം 25

—സ്വാമി ദയാനന്ദതീർത്ഥ

8. ജ്ഞാനാശ്രമവാർത്തകൾ 32



ജ്ഞാനാശ്രമം, P. O. പാർളിക്കാട്ട്,

വടക്കാഞ്ചേരി, തൃശ്ശൂർ ഡിസ്ത്രിക്റ്റ്,

കേരളാ സ്റ്റേററ്.

"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ.

പുസ്തകം 2 | 1964 ആഗസ്റ്റ് 1 | ലക്കം 10

## ധർമ്മ ഏവ ഹതോ ഹന്തി
## ധർമ്മോ രക്ഷതി രക്ഷിതഃ

അനന്തവൈവിദ്ധ്യമാർന്നതാണീലോകം. ആകൃതിയിലെന്നപോലെ പ്രകൃതിയിലും തുല്യതയുള്ള രണ്ടു വസ്തുക്കളെ കണ്ടെത്തുക വിഷമമാണ്. അങ്ങിനെ അഭിപ്രായഭാവാദികളിൽ അനൈക്യമാർന്ന ജീവികളാൽ നിറഞ്ഞ ഈ പ്രപഞ്ചത്തിൽ, ഓരോരോ വ്യക്തിക്കും തനതായ ഹിതാഹിതങ്ങളാണുള്ളത്. അവനവനു ഹിതമായ വസ്തുവിൻെറ അലഭ്യതയിൽ ദുഃഖവും, ലഭ്യതയിൽ സന്തോഷവും സാധാരണയുമാണ്. ഓരോ ജീവിയുടേയും ജീവിതലക്ഷ്യം സുഖം നേടുകയും, അസുഖം തള്ളിനീക്കയുമാണ്. എന്നാൽ ഇതിൽ അവർ എത്രമാത്രം വിജയമടയുന്നുണ്ട് എന്ന വസ്തുത ശ്രദ്ധിക്കേണ്ടതായുണ്ട്. ദുഃഖമില്ലാത്ത സുഖമോ, സുഖമില്ലാത്ത ദുഃഖമോ എങ്ങും കാണാൻ തരമാകയില്ല. ഒരു നാണയത്തിൻെറ ഇരുപുറങ്ങളെന്നപോലെ രാവും പകലുമെന്നപോലെ തനിയേ സ്ഥിതിചെയ്യാൻ സാദ്ധ്യമല്ലാത്ത രണ്ടു ഭാവങ്ങളാണ് സുഖദുഃഖാദികൾ. അതിനാൽ കലർപ്പില്ലാത്ത സുഖം ലഭിക്കണമെന്ന ആശയോടെ അതും തിരഞ്ഞോടുന്ന ജന്തുവിന് അതുമാത്രം ലഭിക്കുന്നില്ല. വിവേകപൂർവ്വമല്ലാത്ത ഇത്തരം തിരച്ചിൽകൊണ്ട് അസുഖം വർദ്ധിക്കയെല്ലാതെ മറെറാരു ഫലവുമൊട്ടില്ലതാനും.

ഇത്തരം ദ്വന്ദ്വഭാവങ്ങൾക്കതീതവും, പരിപൂർണ്ണവുമായ ഒരവസ്ഥയാണ് മുക്തിപദം. പ്രപഞ്ചവാസനകളുടെ പിടിയിൽനിന്നും കുതിച്ചുയന്ന്, വാക്കുകൾക്കും മനസ്സിനും അപ്രാപ്യമായ ആനന്ദപദത്തെ അനുഭവിച്ചറിഞ്ഞ മഹാത്മാക്കൾ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നുണ്ട്, മനുഷ്യൻ അറിയേണ്ടതിതാണെന്ന്; കേറിപ്പറ്റേണ്ടതിവിടെയാണെന്ന്. മാത്രമല്ല ശ്രുതിരൂപേണ അവർ അവിടെയെത്തിച്ചേരാനുള്ള മാർഗ്ഗവും ഉപദേശിച്ചു തന്നിട്ടുണ്ട്. പക്ഷേ പറഞ്ഞുകൊടുത്താൽ കേൾക്കാനും, കാണിച്ചുകൊടുത്താൽ കാണാനും കഴിവില്ലാത്തവർ അറിയേണ്ടതറിയുന്നില്ല, അനുഭവിക്കേണ്ടതനുഭവിക്കുന്നില്ല. കേവലം അതൃപ്തിയിൽമാത്രം അവസാനിക്കുന്ന ഭോഗലാലസതയുടെ ചായംപൂശിയ മിരട്ടിൽ മയങ്ങി, അതിന്റെ മായാവലയത്തിൽ കിടന്നുഴലുകയാണ് മനുഷ്യൻ.

ധർമ്മം, അർത്ഥം, കാമം, മോക്ഷം, എന്നി നാലാണ് പുരുഷാർത്ഥങ്ങൾ. ഇതിൽ പരമപുരുഷാർത്ഥമായ മോക്ഷം നേടിയെടുക്കലാണ് മാനവധർമ്മം. ഇതിൽ എത്തിപ്പെടാനുള്ള മാർഗ്ഗമാണ് ആദ്യത്തെ മൂന്നും. അതിൽത്തന്നേയും ധർമ്മത്തിലൂടെ അർത്ഥകാമങ്ങൾ നേടാനാണ് ആചാര്യശാസനം. അധർമ്മത്തിലൂടെ നേടിയ അർത്ഥവും, അധർമ്മവും അർത്ഥവും കൂട്ടിച്ചേർത്ത് അനുഭവിക്കുന്ന കാമവും, മനുഷ്യനെ അധഃപതനത്തിലേക്കേ നയിക്കയുള്ളൂ. അവരുടെ അനന്തരഗതി എന്തായിരിക്കുമെന്ന് ഊഹിക്കപോലും വയ്യ. എന്നാൽ, അർത്ഥകാമാദികൾ ധർമ്മത്തിലൂടെ അനുഭവിക്കുന്നപക്ഷം, അതു മനുഷ്യനെ മോക്ഷാധികാരിയാക്കിത്തീർക്കുംതാനും. ഇതിൽനിന്നും ഒന്നു വ്യക്തമാകുന്നു; മനുഷ്യന് ഇഹത്തിലും പരത്തിലും, ഭൗതികതലത്തിലും ആദ്ധ്യാത്മികതലത്തിലും, അത്യന്താപേക്ഷിതമാണ് "ധർമ്മം" എന്ന അഴിച്ചുലില്ലാത്ത പരമാർത്ഥം. ധർമ്മാനുകൂലമല്ലാത്ത പ്രവൃത്തികൾ വിനാശത്തിനു വഴിവയ്ക്കുംപോലെ, ധർമ്മാനുകൂലമായ ജീവിതം വിജയത്തിന്റെ വഴിവിളക്കായും തീരുന്നു

"ധർമ്മം" എന്ന പദത്തെപ്പോലെ ഇത്രമാത്രം വ്യാഖ്യാനബഹുലമായ മറ്റൊരു പദം ഉണ്ടോ എന്നു സംശയമാണ്. ഭാരതീയർ ധർമ്മത്തിലൂടെ കാണുന്ന ഭാവന, വിദേശിയക്ക് മനസ്സിലാക്കാനെ സാദ്ധ്യമല്ല. തത്തുല്യപദങ്ങൾ അവരുടെ ഭാഷകളിലെങ്ങും ഒട്ടു കാണാനുമില്ല. ഭാരതീയസംസ്കാരത്തിന്റെ അടിക്കല്ലുകൾ ഉറപ്പിച്ചിരിക്കുന്നതു

തന്നെ "ധൎമ്മ"ത്തിലാണ്. ലോകഹിതകരമായ പ്രവൃത്തിയാണ് ധൎമ്മം. ഉന്നതങ്ങളായ ആദൎശങ്ങളും, ഭാവശുദ്ധിയും, സത്വശുദ്ധിയും ഇടചേൎന്ന്, വ്യഷ്ടിക്കും സമഷ്ടിക്കും ഒന്നുപോലെ ഹിതകരമായി, ലോകക്ഷേമപരമായി, സത്യാധിഷ്ഠിതമായി, മോക്ഷോന്മുഖമായി അനുഷ്ഠിച്ചുവരുന്ന കൎമ്മമാണ് ധൎമ്മം. "ആത്മനോ മോക്ഷാൎത്ഥം ജഗത് ഹിതായ ച" എന്നായിരിക്കണം ഒരു ഉന്നതനായ ധൎമ്മിയുടെ മുദ്രാവാക്യം. ആദ്ധ്യാത്മിക തലത്തിലൂടെയല്ലാതെ സൂക്ഷ്മമായ ധൎമ്മതത്വങ്ങളെ അറിയാൻപോലും പലപ്പോഴും വിഷമമായി വരും. തന്മൂലം ബ്രഹ്മചൎയ്യം, ഗാൎഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ ആശ്രമചതുഷ്ടയങ്ങളെ ലോകയാത്രയിലെ ഓരോ കടവുകളായി കരുതി അവസാനം സന്യാസത്തിൽ കൊണ്ടെത്തിക്കുന്ന ഒരു ജീവിതചൎയ്യയെ സങ്കല്പിക്കാൻ കഴിവുള്ള ജനതക്കേ, പരമമായ ധൎമ്മമൂല്യങ്ങളെ വകതിരിച്ചറിയാനും അതിനെ അനുസരിക്കാനും കെല്പുണ്ടാകൂ.

സൎവ്വകൎമ്മപരിത്യാഗമെന്ന പരമമായ പദത്തിൽ എത്തുന്നതുവരെ, പ്രവൃത്തിയാൽ ബദ്ധനാണ് മനുഷ്യൻ. ഈ സ്ഥാനത്തിൽ എത്തിച്ചേരണമെങ്കിൽത്തന്നെ പ്രവൃത്തി കൂടിയേ തീരൂ. എത്തേണ്ട സ്ഥാനത്തെത്തിയാൽ പ്രവൃത്തി താനേ നിന്നുകൊള്ളും. അതുവരേയും ധൎമ്മാനുകൂലങ്ങളായ കൎമ്മങ്ങൾ ചെയ്തുകൊള്ളാനാണ് നിൎദ്ദേശം. യജ്ഞം, ദാനം, തപസ്സ് എന്നീ മഹത്തായ വൃത്തികളിലൂടെ ധൎമ്മം നിലനിൎത്തിപ്പോരുകയാണ് മനുഷ്യന്റെ കടമ. ലോകോപകാരപരവും, ത്യാഗപൂൎണ്ണവുമായ പ്രവൃത്തിയെല്ലാം യജ്ഞംതന്നെ. അതുപോലെ അവനവനുള്ളതുമാത്രം സ്വീകരിച്ച് ബാക്കിയുള്ളതെല്ലാം പരോപകാരാൎത്ഥം വിനിയോഗിക്കലാണ് ദാനം. അഹിംസ, സത്യം, അക്രോധം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നീ പഞ്ചഭാവങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു സ്വയം നിയന്ത്രിതനായി പ്രവൎത്തിക്കുന്നതാണ് ശരിയായ തപസ്സ്. എല്ലാവൎക്കും ഒരുപോലെ പ്രവൎത്തിക്കാനോ, തികച്ചും മനസ്സിലാക്കാൻ തന്നെയോ അസാദ്ധ്യമായ ഈ ഉന്നത ജീവിതസരണിയിലൂടെ ചരിക്കാൻ എല്ലാവൎക്കും സാദ്ധ്യമല്ലാത്തതിനാൽ സ്വധൎമ്മാനുഷ്ഠാനത്തിലൂടെ പുരോഗമിക്കാൻ സ്മൃതി ശാസനം ചെയ്യുന്നു. അസാദ്ധ്യമായ പരധൎമ്മത്തെ വികലമായി ചെയ്യുന്നതിനേക്കാൾ, സമൎത്ഥമായ സ്വധൎമ്മാനുഷ്ഠാനമാണ് ശ്രേഷ്ഠം എന്നതു സംശയാതീതമാണ്. "സ്വധൎമ്മേ നിധനം ശ്രേയഃ പരധൎമ്മോ ഭയാ വഹഃ" എന്ന് ഉറപ്പായ തീരു

മാനമാണ്‌ ഇക്കാര്യത്തിൽ ഗീത ചെയ്തിട്ടുള്ളതു്. അവനവനു ചെയ്യാൻ കഴിവും, മനസ്സിനു് അനുകൂലവുമായ കർമ്മങ്ങൾ ധർമ്മാനുസൃതം ചെയ്യലാണു് സ്വധർമ്മാനുഷ്ഠാനം. അതിനെ പവിത്രമായികരുതുക, ആ കർമ്മം എത്ര താഴ്ന്ന പടിയിലുള്ളതായാലും അതു കർമ്മിയെ ശ്രേയോമാർഗ്ഗത്തിലേയ്ക്കു നയിക്കും; സംശയമില്ല. പുരാണങ്ങളിൽ കാണുന്ന "ധർമ്മവ്യാധ"ൻേറയും മററും കഥകൾ ഇതിനു പ്രത്യക്ഷോദാഹരണങ്ങളാണു്.

ലൌകികജീവിതം ധാർമ്മികമൂല്യങ്ങളിലൂടെ വിശകലനം ചെയ്തുനോക്കമ്പോൾ, അത്യധികം അപകർഷത പ്രാപിച്ചിട്ടുള്ള ഒരു കാലഘട്ടമാണിതു്. നവീനശാസ്ത്രത്തിൻെറ അപ്രതിഹതമായ പുരോഗതിയും, ജനസംഖ്യാവർദ്ധനവും, എല്ലാംകൂടി ലോകം ഒന്നു കലങ്ങിമറിഞ്ഞിരിക്കയാണിപ്പോൾ. എങ്ങിനെയെങ്കിലും ജീവിക്കണം എന്നല്ലാതെ എങ്ങിനെ ജീവിക്കണം എന്ന ചിന്ത മനുഷ്യനെ വിട്ടകലുകയാണു്. ഭരണവും, ഭരണീയരും ഒന്നായിത്തീരുമ്പോൾ, ശക്തിയിലും, പ്രതാപത്തിലും കൊതിനാൻ മനുഷ്യൻ ധർമ്മമാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചുപോകാൻ ഇടയുണ്ടു്. അല്ലാത്തപക്ഷം സ്ഥസൂക്ഷ്മമായ തത്വങ്ങളിൽ അടിയുറച്ച വിശ്വാസമുള്ള ഒരു ജനതയായിരിക്കണം ലോകത്തിലുള്ളതു്. അങ്ങിനെയുള്ള ഒരു മാനവസമുദായം സൃഷ്ടിച്ചെടുക്കാൻ സാധിച്ചാൽ അതിലേറെ അഭികാമ്യമായി മറെറാന്നുമില്ല. എന്നാൽ വിവിധങ്ങളായ കർമ്മജാലങ്ങളാൽ ബന്ധിതരായ മനുഷ്യരെല്ലാവരും ഒരുപോലെ തത്വാനുസാരികളായിത്തീരാൻ സാദ്ധ്യതയില്ലല്ലോ. അതിനാൽ, നിറഞ്ഞ ധർമ്മബോധമുള്ള നിയന്ത്രണമാണു് ലോകത്തിനെക്കാലവും ആവശ്യമായിട്ടുള്ളതു്.

"യഥാവിധി ഹുതാഗ്നീനാം യഥാകാമാർച്ചിതാർത്ഥിനാം
യഥാപരാധ ദണ്ഡാനാം യഥാകാല പ്രബോധിനാം
ത്യാഗായ സംഭൃതാർത്ഥാനാം സത്യായ മിതഭാഷിണാം
യശസേ വിജിഗീഷൂണാം പ്രജായൈ ഗൃഹമേധിനാം
ശൈശവേഭ്യസ്തവിദ്യാനാം യൌവനേ വിഷയൈഷിണാം
വാർദ്ധകേ മുനിവൃത്തീനാം യോഗേനാന്തേ തനുത്യജാം".

ജനഹിതത്തിനുവേണ്ടി രാജ്യം ഭരിച്ചിരുന്ന ഒരു പരമ്പര എങ്ങിനെയാണു് ധർമ്മത്തെ അനുസരിച്ചിരുന്നതു് എന്നു വ്യക്തമാക്കുകയാണു്, മേൽകൊടുത്തിട്ടുള്ള പദ്യങ്ങൾ. നിത്യകർമ്മങ്ങൾ വേ

ണ്ടവണ്ണം ചെയ്യുക, അർത്ഥിയുടെ ഹിതമറിഞ്ഞു ദാനം ചെയ്യുക, നീതി പരിപാലനത്തിൽ ശ്രദ്ധയുണ്ടായിരിക്കുക, പിഴയ്ക്കാതെ ദിനചയ്യകരം നിറവേററുക, ധനം സംഭരിച്ചുവയ്ക്കാതെ യുക്തിപൂർവ്വം വ്യയം ചെയ്യുക, അസത്യത്തെ ദൂരെ ത്യജിക്കുക, കീർത്തിമാന്മാരായിരിക്കുക, സന്താനപ്രാപ്തിക്കുമാത്രം ഗൃഹസ്ഥഭാവം ഭജിക്കുക, ബാല്യത്തിൽ വിദ്യാഭ്യാസവും, യൌവനത്തിൽ ഗാർഹസ്ഥ്യവും, വാദ്ധക്യത്തിൽ വാനപ്രസ്ഥവും, ഒടുവിൽ ജീവബ്രഹ്മൈക്യമാകുന്ന യോഗാരൂഢതയാൽ മുക്തനാകുകയും ചെയ്ക, എന്നിങ്ങിനെ അത്യുന്നതങ്ങളായ ആദർശങ്ങളും, അതിലും ഉന്നതമായ തപശ്ചര്യയുമായിരുന്നു അന്നത്തെ ജനനായകന്മാർക്കു വിധിച്ചിരുന്നതു്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരെ അസുരന്മാരായി കണക്കാക്കിയിരുന്നു സൂര്യവംശരാജാക്കന്മാരുടെ കഥ പറയുമ്പോരം "ദിലീപ" മഹാരാജാവിൻെറ അത്യുന്നതമായ നിലവാരത്തിൽ നിന്നും "അഗ്നിവർണ്ണ"ൻെറ അധഃപതിച്ച ജീവിതംവരെ ഭംഗിയായി വരച്ചു കാട്ടുന്ന കാളിദാസമഹാകവി, ഉത്തമധർമ്മം പാലിക്കുമ്പോഴത്തെ നിലയും ക്രമേണ അതു ലോപിച്ചു ലോപിച്ചു ധർമ്മം കുത്തഴിഞ്ഞാലുള്ള നിലയും തമ്മിലുള്ള അന്തരം ഭംഗിയായി നമ്മെ മനസ്സിലാക്കിത്തരുന്നു. പ്രാചീനാര്യാവർത്തം ലോകോത്തരമായ അദ്ധ്യാത്മികതത്വങ്ങളെ വെളിപ്പെടുത്തിയതും, അതിപ്രൌഢമായ ഒരു സംസ്കാരവിശേഷത്തിൻെറ മാതൃത്വം വഹിച്ചതും, അവിടെ ഉടലെടുത്ത ധർമ്മനീതിയുടെ മികവുററ കഴിവുകൊണ്ടു മാത്രമാണെന്നുള്ളതിനു സംശയലേശമില്ല.

അനവധി വർഷങ്ങളായി വിദേശീയാധിപത്യത്തിൽ കഴിഞ്ഞുകൂടിയ നമ്മുടെ നാട്ടിലേക്കു് അനവധി അഴുക്കുചാലുകരം ഒഴുകി വന്നിട്ടുണ്ടു്. നന്മയേക്കാരം തിന്മയുടെ പ്രവാഹത്തിനാണു് ഊക്കു കൂടുക. ഇന്ദ്രിയാസ്വാദ്യകരങ്ങളാകയാൽ, സുഖലബ്ധമായ ഇത്തരം ആസ്വാദനങ്ങളുടെ വലയിൽ മനുഷ്യൻ കുടുങ്ങിപ്പോകുന്നതിൽ അത്ഭുതവുമില്ല. എന്നാൽ തൻെറ തെററു മനസ്സിലാക്കിക്കഴിഞ്ഞാൽ ഉടൻ തന്നെ അതു തിരുത്താൻ ശ്രമിക്കാത്തവൻ മനുഷ്യനല്ല.

ഇന്നു പല പേരിലും ധർമ്മവ്യഭിചാരം വദ്ധിച്ചു വരികയാണു്. മതേതരമെന്നും, അന്താരാഷ്ട്രീയമെന്നും, എന്തെല്ലാമൊക്കെയോ അവനവനുതന്നെ മനസ്സിലാകാത്ത ശബ്ദബാഹുല്യങ്ങളായ പദങ്ങരം ഉപയോഗിച്ചു്, സ്വാർത്ഥം നേടാനും കീർത്തി നേടാനും ശ്രമിക്കയാണു്

ഫലത്തും. സ്വാത്ഥലബ്ധിക്കു വിലങ്ങുതടിയായി ഭവിക്കുമോ എന്നു ഭയപ്പെട്ടും, എന്നാൽ ധമ്മചര്യയിൽ ഉറച്ചു നില്പാണ് എന്നു ലോകബോദ്ധ്യം വരുത്തണമെന്നും ഉള്ള വ്യാജ വാഞ്ഛയും വച്ചുകൊണ്ട് അതിശ്രേഷ്ഠങ്ങളായ ധമ്മതത്വങ്ങളെ അവനവനനുകൂലമാകുംവണ്ണം വളച്ചൊടിക്കൽ, ഇന്നത്തെ ഒരു പരിഷ്കാരമായി തീന്നിട്ടുണ്ട്. ഇങ്ങിനെയുള്ള ധമ്മവ്യതിയാനത്തെപ്പററി എന്താണ് പറയേണ്ടതെന്നറിഞ്ഞുകൂടാ. ഏതധമ്മപ്രവൃത്തിയേയും സാധൂകരിച്ചെടുത്ത്, തനിക്കു കിട്ടാനുള്ളതു തട്ടിയെടുക്കയും, മഹാധമ്മിയായി ലോകത്തിന്റെ മുമ്പിൽ സ്വയം അഭിനയിക്കയും ചെയ്യുന്നതു്, മനുഷ്യബുദ്ധിയെത്തന്നെ പരക്കെ പുച്ഛിക്കലാണ്. കണ്ണടച്ചുകൊണ്ടു പാലു കുടിക്കുന്ന പൂച്ച വിചാരിക്കുന്നതു് ഇരുട്ടാകയാൽ തന്നെ ആരും കാണുന്നില്ലെന്നാണ്. ഇതാരുടെ അജ്ഞതയേയാണ് വെളിപ്പെടുത്തുന്നതു്? അത്യുന്നതങ്ങളായ ധമ്മമാഗ്ഗങ്ങളെ സ്വാത്ഥതയും ഭീരുത്വവുംമൂലം കൈവെടിയുക മാത്രമല്ല, അധമ്മമാഗ്ഗങ്ങളെ ധമ്മത്തിന്റെ ചായംപുരട്ടി പ്രദശിപ്പിക്കാനുള്ള നീചവും വഞ്ചനാപരവുമായ സംരംഭങ്ങളാണ് നമ്മുടെ മുമ്പിൽ എവിടെയും കാണുന്നതു്. സത്യത്തിന്റെ മുമ്പിൽ കണ്ണടയ്ക്കുക, ധമ്മത്തെ ചവുട്ടിത്തള്ളുക; കീത്തിയുടേയും, പ്രതാപത്തിന്റേയും പിറകെ ആത്തരായി ഉഴറിയോടുക! കഷ്ടം! എന്തൊരധഃപതനമാണിതു്! മനുഷ്യൻ നിരന്തരം ഓമ്മവെയ്ക്കേണ്ടതിതാണ്. ധമ്മവ്യതിയാനത്തേക്കാൾ ഉത്തമം മരണമാണ്. സത്യധമ്മാദികൾക്കായി ജീവിക്കുക. ഉത്തമങ്ങളായ ശ്രേയോമാഗ്ഗങ്ങളിൽനിന്നു കടുകിട വ്യതിചലിക്കാതെ മുന്നേറുക. ഇതാണ് വേണ്ടതു്. നിങ്ങളുടെ മാഗ്ഗദശിത്വം സത്യധമ്മാദികൾക്കു വിട്ടുകൊടുക്കുക. എന്നാൽ ജീവിതം സഫലമായി.

അഹങ്കാരപ്രമത്തരായ മാനവലോകം അജ്ഞതയാൽ ഈ മഹാസത്യത്തെ മാനിക്കുന്നില്ല. കയ്യിൽ ചാട്ട കിട്ടിയാൽ അതു കൊടുത്തവരുടെ നേരെതന്നെയായി, അതുകൊണ്ടുള്ള പ്രയോഗം. പക്ഷെ ഇതധികനാൾ നിലനില്ക്കയില്ല, അടിയേൽക്കുന്ന സിംഹം ഒടുവിൽ പിടഞ്ഞെഴുന്നേൽക്കും. ചാട്ടവാറും ഓങ്ങി അടുക്കൽ നില്ക്കുന്ന അധമ്മിതന്നെയാകും അതിന്റെ ആദ്യത്തെ ആഹാരം

ധമ്മം ഉണന്നെഴുന്നേല്ക്കും! ധമ്മം ജയിക്കും!

# ശ്രീശുകന്റെ ജ്ഞാനനിഷ്ഠയും നിർവൃതിയും—5

## (സ്വാമി പൂർണ്ണാനന്ദതീർത്ഥ)

[ തുടർച്ച ]

അതു് ഉള്ളതും അല്ല, ഇല്ലാത്തതും അല്ല. സത്യവുമല്ല, അസത്യവുമല്ല. ജ്ഞാനവുമല്ല, അജ്ഞാനവുമല്ല. നല്ലതും അല്ല, ചീത്തയും അല്ല. ഇരുട്ടും അല്ല, വെളിച്ചവും അല്ല. ഗുണവും അല്ല, ദോഷവും അല്ല. നന്മയും അല്ല, തിന്മയും അല്ല. അതു് അതുതന്നെയാണു്; മററൊന്നും അല്ല—എന്തുകൊണ്ടെന്നാൽ അതല്ലാതെ മററൊന്നും ഇല്ല. ഹേ! അന്ധനായ മനസ്സേ! നീ എവിടെയാണു് തിരഞ്ഞതു്? നീ എവിടെയാണു് ഓടിയതു്? നീ എന്തിനാണു് തിരഞ്ഞതും ഓടിയതും? കണ്ണടച്ചാൽ, ഇല്ലാത്ത ഇരുട്ടു് ഉണ്ടാകുന്നു. ആ കണ്ണു തുറന്നാൽ, ഉണ്ടെന്നു തോന്നിയ ഇരുട്ടു് ഇല്ലാതെയാകുന്നു. ഉണ്ടെന്നു സങ്കല്പിച്ച ഇല്ലാത്തതു് ഇല്ലാതായിത്തീർന്നാൽ, ഇല്ലെന്നു തോന്നിയതു് ഉള്ളതായറിയാം. അതുതന്നെ ഉണ്മ. അതു കണ്ണുള്ളവൻ കാണും. കണ്ണിനേയും കാണുന്ന കണ്ണിന്റേതാണു് ആ കാഴ്ച.

ഈ തത്വം അനുഭവവേദ്യമാണു്. എത്രയും എളുപ്പമായതാണു് ഇതിന്റെ അനുഭവം. എന്നാൽ എന്തുകൊണ്ടു മനുഷ്യർ ഇതറിയുന്നില്ല? വാസ്തവത്തിൽ ഇല്ലാത്തതും പക്ഷെ ഉണ്ടെന്നു തോന്നുന്നതും ആയ ദൃശ്യവിഷയങ്ങളുടെ പിന്നാലെ, മുയലിനെ തുടരു്ന്ന നായെന്നവണ്ണം, മനസ്സും ഇന്ദ്രിയങ്ങളും ഓടിക്കൊണ്ടിരിക്കും. സംയമവിഹീനതയാണു് ഇതിനു ഹേതു. ഉള്ളതിനെ നല്ലപോലെ ഗ്രഹിച്ചു്, ഇല്ലാത്തതിന്റെ പേരിലുള്ള വാഞ്ഛയെ അറുത്തെറിയുന്നവൎക്കേ അനുഭവവേദ്യം മാത്രമായ ആ ജഗദൈകസത്തയെ സാക്ഷാൽക്കരിപ്പാൻ കഴിയൂ. അവരാണു് സംയമികൾ. സംയമമാണു് സനാതനധൎമ്മത്തിന്റെ മൂലക്കല്ലു്. ഇത്രമാത്രം അതിപ്രധാനമായ സംയമാഭ്യസനത്തെ അവഗണിച്ചു ധൎമ്മചിന്തയിലും ജ്ഞാനവിചാരത്തിലും കാലത്തെ പാഴാക്കുന്ന അല്പജ്ഞന്മാരെ പററി എന്താണു് പറയുന്നതു്? അങ്ങിനെയുള്ളവൎക്കു് ജ്ഞാനം എങ്ങിനെയാണു് കൈവരിക!

വേണ്ടവക്കെ ഉണ്ടാകു; വേണ്ടാത്തവക്ക് അതു സിദ്ധമാകുന്നില്ല. വേണമെന്നു തീച്ച്യാക്കുവിൻ. അതിന്നു സത്യനിഷ്ഠയോടും, ദൃഢബുദ്ധിയോടും, ആജ്ഞാവീര്യത്തോടുംകൂടി പ്രയത്നിപ്പിൻ. ആ അത്യാനന്ദത്തിന്റെ രുചിയറിയാത്തതുകൊണ്ടും, അതേപ്പററി ചിന്തിപ്പാൻപോലും സാധിക്കാത്തതുകൊണ്ടും ആണ്, മനുഷ്യൻ ഈ പ്രാകൃതജീവിതമായ പേക്കുത്തിൽ പങ്കെടുത്തു ചാടിയാടുന്നതു്.

സവ്വവിധ ക്ലേശങ്ങളേയും നിശ്ശേഷം നശിപ്പിക്കുന്ന ജ്ഞാനനിഷ്ഠതന്നെ അത്യന്തം ക്ലേശകരമാണെന്നു മനുഷ്യർ തെററിദ്ധരിക്കുന്നു. അതിനാലാണ് അതോടടുക്കാത്തതു്. അടുക്കുന്നവരിൽ മിക്കവരും വൃഥാ ക്ലേശത്തോടെ പലതും അനുഷ്ഠിക്കുന്നു. ക്ലേശാത്മകമായ കമ്മം ചെയ്യാതെ യാതൊന്നും ലഭിക്കുവാൻ കഴിയാത്ത ഈ പ്രപഞ്ചത്തിൽ സവ്വലാഭത്തിന്നുള്ള മാഗ്ഗം ക്ലേശരഹിതവും അത്യന്തം സുഗമവും ആണെന്നു് അവർ എങ്ങിനെയറിയും. അറിഞ്ഞാലും അതെങ്ങിനെ വിശ്വസിക്കും. അവരുടെ അതുവരെയുള്ള ജീവിതാനുഭവങ്ങൾ ഇതിൽനിന്നു വ്യത്യസ്തവും, അവരുടെ ധാരണയ്ക്കു വിപരീതവും ആണല്ലോ അതു്. കൊണ്ടു ജ്ഞാനനിഷ്ഠ ഏററവും സുഖമായതാണെന്നു് അറിയുവാൻതന്നെ അനവധി സാധകർ എത്രയും മനഃപീഡയോടും, ക്ലേശത്തോടും കൂടി പലതും അനുഷ്ഠിക്കുന്നു, അഭ്യസിക്കുന്നു. അതിന്നുശേഷമാണ് അവർ അറിയുന്നതു്, സിദ്ധമായ ജ്ഞാനം സാദ്ധ്യമായതല്ലെന്നും, സവ്വവ്യാപകമായ ബ്രഹ്മം പ്രാപ്യമല്ലെന്നും, അറിയപ്പെടേണ്ടതായ പൊരുൾ ഉണ്ടാക്കപ്പെടേണ്ടതല്ലെന്നും. പ്രവൃത്തിയാൽ അല്ല ബ്രഹ്മജ്ഞാനിയാവുന്നതും, ജീവന്മുക്തനാവുന്നതും; നിവൃത്തിയാൽ ആണ്. പുതിയതായി യാതൊന്നും ഉണ്ടാക്കേണ്ടാ—വേണ്ടാ. ഉള്ളതിനെ വിട്ടേച്ചാൽ മതി. വാസ്തവത്തിൽ, ഉണ്ടെന്നു തോന്നിപ്പോയ ഇല്ലാത്തതിനോടുള്ള ഒട്ടൽ വിട്ടുപോകുന്നതാണ് സംയമം. അറിവും ജ്ഞാനസാധനയും വദ്ധിക്കുന്നേടത്തോളം, സംയമവും വളൻ വിപുലമായിത്തീരും. സംയമം ഇല്ലാത്തവർ, അജ്ഞാനസാധകരാണ്, ജ്ഞാനസാധകരല്ല.

ശുകന്റെ ജ്ഞാനനിഷ്ഠാവിവരണത്തിൽനിന്നു നമ്മൾ ആദ്യമായറിയേണ്ടതു് അദ്ദേഹത്തിന്റെ സംയമബലത്തെയാണ്. ധമ്മത്തിന്റെ പേരും പറഞ്ഞു പലതും കാട്ടിക്കൂട്ടുന്ന ഇന്നത്തെ ഭാരതീയരിൽ സംയമം കണികാണാനോ കിട്ടുകയില്ല. അവർ ധമ്മത്തിൽനിന്നു് എത്രയും അ

കലെയാണ് സ്ഥിതിചെയ്യുന്നത്. സാധകരിൽ ചിലരെങ്കിലും ഈ വസ്തുത നല്ലപോലെ ഗ്രഹിക്കുമോ? വിഷയലോലുപരായി മരണമാകുന്ന പടുകുഴിയിലേയ്ക്കു വൃഥാമുദത്തോടെ പാഞ്ഞടുക്കരുതേ!

പരിജ്ഞാതസ്വഭാവം തം ശുകം സ ജനകോ നൃപഃ
ആനീതം മുദിതാത്മാനം അവലോക്യ ननाम ഹ. 21
നിശ്ശേഷിതജഗത്കാര്യ പ്രാപ്താഖിലമനോരഥ
കിമീപ്സിതം തവേത്യാശു കൃതസ്വാഗതമാഹ തം. 22

ജനകമഹാരാജാവ് ശുകന്റെ പ്രകൃതിയെ നല്ലപോലെ അറിയുകയും മുദിതമനസ്സനായ ആ ഋഷികുമാരനെ ആനയിച്ചിരുത്തി അദ്ദേഹത്തെ നോക്കി അഭിവാദനം ചെയ്കയും ചെയ്തു.

സ്വാഗതം ചെയ്തതിനുശേഷം രാജാവ് അദ്ദേഹത്തോട് ഇപ്രകാരം കുശലപ്രശ്നം ആരംഭിച്ചു. "ലോകകാര്യങ്ങളെല്ലാം അവസാനിപ്പിച്ചവനും, സർവ്വ ആഗ്രഹങ്ങളും നിറവേറിയവനും ആയ ഋഷികുമാരാ, അങ്ങയുടെ അഭിലാഷമെന്താണ്? എന്തൊരുദ്ദേശത്തോടെയാണ് അങ്ങ് എന്നെ സമീപിച്ചിരിക്കുന്നത്?" ജനകനോട് ശുകൻ പറഞ്ഞ മറുപടി അതിവിചിത്രമായിരുന്നു. അതെന്തെന്നു നമുക്കൊന്നു നോക്കാം.

സംസാരാഡംബരമിദം കഥമഭ്യുത്ഥിതം ഗുരോ
കഥം പ്രശമമായാതി യഥാവത് കഥയാശു മേ. 23

ഹേ! വന്ദ്യനായ ഗുരോ! വഞ്ചനാത്മമോ എന്നു തോന്നുന്ന ഈ സംസാരചേഷ്ടകൾ (ആഡംബരം) എങ്ങിനെയാണ് ആദ്യമായി ഉല്പന്നമായതു്? ഏതുപ്രകാരമാണ് കൃത്രിമചേഷ്ടകളോടുകൂടിയ ഈ സംസാരജീവിതം ശമിക്കുന്നതു്? ഇതെനിക്കു വേണ്ടവിധം ഉപദേശിച്ചു തരണം.

മരുഭൂമിയിൽ വെയിൽകൊണ്ടു് അതിദാഹത്തോടുകൂടി സഞ്ചരിക്കുമ്പോൾ അകലെയായി ജലരാശി കാണുന്നു. അവിടെച്ചെന്നു ദാഹശമനം വരുത്താമെന്നു കരുതി ത്വരിതഗതിയായി അങ്ങോട്ടു ചെല്ലുന്ന പാന്ഥനു മുന്നോട്ടു പോകുന്നേടത്തോളം കണ്ട ജലരാശി ആദ്യം കണ്ടമാതിരി അകലെതന്നെ ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടെ എങ്ങും വെള്ളത്തിന്റെ ഒരു തുള്ളിപോലും ഇല്ലായിരുന്നു; ഉണ്ടെന്നുള്ള വെറും തോന്നൽ മാത്രമായിരുന്നു പരമാർത്ഥം. ആ മൃഗതൃഷ്ണ മനുഷ്യ

രെ ചതിക്കുന്ന ഒരു കൃത്രിമസ്ഫുരണമാണെന്നു ദാഹതാപത്താൽ മരണവക്ത്രത്തെ സമീപിക്കുന്ന ഘട്ടത്തിൽ മാത്രമാണ് ആ മനുഷ്യൻ അറിയുന്നതു്. കാനൽജലത്തിന്റെ ആ കൃത്രിമസ്ഫുരണംപോലെയാണ് സംസാരത്തിൽ മനുഷ്യനെ ആകഷിക്കുന്ന വിഷയവാഞ്ചരകളും, വിഷയസുഖങ്ങൾക്കായി മനുഷ്യൻ കാട്ടിക്കൂട്ടുന്ന കൃത്രിമചേഷ്ടകളും. എന്നാൽ സുഖമോ ശാന്തിയോ മനുഷ്യനു് എന്നെങ്കിലും ലഭിക്കുന്നുണ്ടോ? ഇല്ലതന്നെ. മരുഭൂമിയിലെ പാന്ഥനെന്നവണ്ണം തന്നെയാണ് സംസാരജീവിതത്തിൽ അലഞ്ഞോടുന്ന. ഈ പാന്ഥനും (സംസാരിയും) ജരാനരകളാലും, മാനസികക്ലേശങ്ങളാലും പീഡിതനായി ഒടുവിൽ മൃതിയടയുന്നതു്. ഭൂരിപക്ഷം ജനങ്ങളും ഈ സംസാരക്കുടുക്കിൽപെട്ടു വലയുന്നുണ്ടല്ലോ. ഈ ഭ്രാന്തി എങ്ങിനെ വന്നു, എവിടെനിന്നു വന്നു, എപ്പോഴാണ് ഇതു് ആദ്യമായി ഉണ്ടായതു്, ആക്കാണ് ആദ്യമായുണ്ടായതു്? നൈസഗ്ഗികമായി നമ്മെ ബാധിക്കുന്ന ഈ കൃത്രിമസംസാരചേഷ്ടകൾക്ക് ഉപശമം ഏതെങ്കിലും കാലത്തിലോ, ദേശത്തിലോ, ആക്കെങ്കിലുമോ ഉണ്ടാകുമോ? ഒരുവനുണ്ടാക്കാമെങ്കിൽ, അതേതുവിധമാണ്, എന്നെല്ലാമായിരുന്നു ശുകന്റെ പ്രശ്നങ്ങൾ. എത്ര ഗൌരവമേറിയ ചോദ്യങ്ങളാണ് ഇവ. (ആഡംബരം എന്ന പദത്തിന്നു കൃത്രിമചേഷ്ടകൾ എന്നത്ഥം. നിജസ്വരൂപത്തിൽ സദാ സിദ്ധമായിരിക്കുന്ന ആനന്ദത്തെ അറിയാതേയും, പ്രാപിക്കാതേയും അന്യവസ്തുക്കളിൽ ആനന്ദമുണ്ടെന്നു കരുതി, അതിന്റെ ലാഭത്തിന്നായി പ്രവത്തിക്കുന്നതാണ് കൃത്രിമചേഷ്ട).

ജനകേനേതി പൃഷ്ടേന ശുകസ്യ കഥിതം തദാ
തദേവ യത്പുരാ പ്രോക്തം തസ്യ പിത്രാ മഹാത്മനാ. 24

ഇപ്രകാരം ചോദിക്കപ്പെട്ടപ്പോൾ, കാലേക്കൂട്ടി വേദവ്യാസനാൽ പറയപ്പെട്ട തത്വങ്ങളെല്ലാം അതേവിധത്തിൽ ജനകനാലും ശുകനോടാവത്തിച്ചു പറയപ്പെട്ടു. ശുകൻ അതെല്ലാം ശ്രദ്ധാപൂവ്വം കേട്ടതിന്നുശേഷം രാജാവിനോടു താഴെ പറയുംപ്രകാരമാണ് ഉണത്തിച്ചതു്.

സ്വയമേവ മയാ പൂവ്വമേതജ്ഞാതം വിവേകതഃ
ഏതദേവ ച പൃഷ്ടേന പിത്രാ മേ സമുദാഹൃതം. 25
ഭവതാപ്യേഷ ഏവാത്ഥഃ കഥിതോ വാഗ്വിദാം വര
ഏഷ്വ ഏവ ച വാക്യാത്ഥഃ ശാസ്ത്രേഷു പരിദൃശ്യതേ. 26

യഥായം സ്വവികല്പോത്ഥഃ സ്വവികല്പ പരിക്ഷയാത്
ക്ഷീയതേ ദഗ്ദ്ധസംസാരോ നിസ്സാര ഇതി നിശ്ചയഃ. 27

തത്കിമേതന്മഹാബാഹോ സത്യം ബ്രൂഹി മമാചലം
ത്വത്തോ വിശ്രാന്തിമാപ്നോമി ചേതസാ ഭ്രമതാ ജഗത്. 28

ഞാൻ ആദിയിൽ സ്വയം വിവേകപുരസ്സരം ചിന്തിച്ച് അങ്ങെനിക്ക് ഉപദേശിച്ചപ്രകാരംതന്നെയാണ് തത്വത്തെ മനസ്സിലാക്കിയതു്. അതിനുശേഷം സംശയം നിശ്ശേഷം പോകാത്തതിനാൽ എന്റെ പിതാവോട് ചോദിച്ചപ്പോൾ, അദ്ദേഹവും ഈവിധം തന്നെയാണ് എന്നെ പറഞ്ഞു ധരിപ്പിച്ചതു്. എന്റെ പിതാവും അങ്ങയും ഉപദേശിച്ച രീതിയിൽതന്നെയാണ് എല്ലാ വേദാന്തശാസ്ത്രഗ്രന്ഥങ്ങളിലും മഹാവാക്യങ്ങളുടെ വിവരണരൂപത്തിൽ ഈ തത്വം പ്രതിപാദനം ചെയ്യപ്പെട്ടു കാണുന്നതു്. അതിന്റെ എല്ലാം സാരാംശം ഞാൻ അറിഞ്ഞിരിക്കുന്നതിപ്രകാരമാണ്. അതായതു്, ഈ നിന്ദിതമായ സംസാരം അന്തഃകരണത്തിൽ നിന്നാണ് ഉല്പന്നമായിട്ടുള്ളതു്., അന്തഃകരണത്തിന്നു് ആത്യന്തികമായ നാശം വന്നുകഴിഞ്ഞാൽ (മനോനാശം) സംസാരവും ഇല്ലാതായിത്തീരും. അതുകൊണ്ടു് ഉണ്ടെന്നുള്ള രൂപത്തിൽ നാം അനുഭവിക്കുന്ന ഈ സംസാരം തീരെ നിസ്സാരമാണ്. ഇതാണ് എല്ലാ വേദാന്തഗ്രന്ഥങ്ങളുടേയും തത്വജ്ഞാനികളുടേയും നിശ്ചയം. ആയതുകൊണ്ടു ഹേ ശ്രേഷ്ഠനായ മഹാരാജാവേ! ഞാൻ ആദിയിൽ സ്വയം വിചാരംകൊണ്ടറിഞ്ഞതും, നിങ്ങൾ രണ്ടു പേരും ഉപദേശിച്ചതന്നതും തന്നെയാണോ സത്യമായ തത്വജ്ഞാനം? ആണെങ്കിൽ എന്തുകൊണ്ടാണ് അതു് എന്റെ ഹൃദയത്തിൽ ഊറിയുറച്ച് ദൃഢമാകാത്തതു്? ഇതുതന്നെയാണ് ശരിയായ തത്വമെങ്കിൽ, എന്നിൽ അതു ദൃഢമായി ഉറയ്ക്കുന്ന മട്ടിൽ ഒന്നുപദേശിച്ചു തരേണമേ. എന്താണ് പരമാത്ഥതത്വമെന്നറിയാതെ ജഗത്തിൽ മുഴുവൻ ഭ്രമത്തോടെ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന എന്റെ ചിത്തത്തിന്നു് അങ്ങയിൽനിന്നുതന്നെ വിശ്രാന്തി ഉണ്ടാകണം.

മനസ്സിലെ വികല്പങ്ങളെല്ലാം നശിച്ചാൽ പ്രപഞ്ചവും ഇല്ലാതായിത്തീരും എന്ന അറിവു മാത്രമെ ശുകനുണ്ടായിരുന്നുള്ളു. മനസ്സിനും പ്രപഞ്ചത്തിനും അതീതമായി സവ്വവ്യാപകവും, നിത്യാനന്ദാത്മകവും, പ്രജ്ഞാനഘനവുമായ സത്ത (ബ്രഹ്മം) ഒന്നേഒന്നു മാത്രമേ ഉള്ളു എ

ന്നും, അതിൻെറ സ്ഫുരണമോ വിലാസമോ ആണ് ഈ ദൃശ്യപ്രപഞ്ച മെന്നും, പരമപുരുഷാൎത്ഥം ബ്രഹ്മസാക്ഷാത്കാരമാണെന്നും, അതിന്നാ യി നിരന്തര സമാധി അഭ്യാസമാണ് മുഖ്യമായ അനുഷ്ഠാനമെന്നും അ ദ്ദേഹത്തിന്നു സ്പഷ്ടമായി മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. അതി നാലാണ് സംയമിയും, വീതസ്പൃഹനും ആയിരുന്നാലും അദ്ദേഹത്തി ന്ന പൂൎണ്ണജ്ഞാനോദയവും സച്ചിദാനന്ദപ്രാപ്തിയും ഉണ്ടാകാഞ്ഞതു്. സമാധി അഭ്യാസം കൂടാതെ കേവലം ശ്രുതിപാഠവും, മനനവും എത്ര തന്നെ ചെയ്താലും മനസ്സ് അതാതു സമയങ്ങളിൽ സംശയങ്ങളാൽ പീഡിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കും. അത്തരം മനസ്സിന്നു് എവിടെ നിന്നാണ് ശാന്തി? ഈ സന്ദൎഭത്തിൽ കൈവല്യനവനീതത്തിൽ ഈ വിഷയത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള ഒരു ശ്ലോകം താഴെ ഉദ്ധരിക്കാം.

> അജ്ഞാനസന്ദേഹവിപര്യയാസ്തേ
> ബന്ധാശ്ചിരാഭ്യാസവശാത് പ്രബോധം.
> ഏല്ലന്ത്യവനിത്യം ശ്രുതിചിന്തനാഭ്യാം
> ധ്യാനേന ചൈതാൻ വിലയം നയസ്വ

അജ്ഞാനം, ബ്രഹ്മപ്രാപ്തിയേയും ജീവന്മുക്തി സമ്പാദനത്തേയും കുറിച്ചുള്ള സംശയം (അതായതു് ഇതു ശരിയായുള്ളതാണോ, ഉണ്ടാ യാൽതന്നെ എനിക്കതു സാദ്ധ്യമാണോ എന്നെല്ലാം) വിപരീതഭാവന (മോക്ഷസാധന, ജ്ഞാനനിഷ്ഠാ, ഇവയെല്ലാം വ്യൎത്ഥങ്ങളാണ്. അദൃ ഷ്ടമായ മോക്ഷത്തേക്കാളും ദൃഷ്ടമായ പ്രപഞ്ചസുഖംതന്നെ മെച്ചം) എ ന്ന ഈ മൂന്നു ബന്ധങ്ങൾ, നൈസൎഗ്ഗികമായി അവയോടുകൂടിയുള്ള സമ്പൎക്കംകൊണ്ടു സാധകൻെറ മനസ്സിനെ പലപ്പോഴും അലട്ടിക്കൊ ണ്ടിരിക്കും. അവയെ നിശ്ശേഷം നശിപ്പിപ്പാൻ വേദാന്തഗ്രന്ഥങ്ങളെ സ്വാദ്ധ്യായരൂപത്തിൽ ആവൎത്തിച്ചു വായിക്കുകയും, നിരന്തരമായി മ നനം ചെയ്യുകയും, സൎവ്വോപരി ധ്യാനമഭ്യസിക്കുകയും വേണം. ഇതാ ണ് ജ്ഞാനികളുടെ ക്രമമായ മാൎഗ്ഗം. ക്രമമാൎഗ്ഗത്തെ അവലംബിച്ചാ ലേ ക്ഷിപ്രഫലപ്രാപ്തി കൈവരൂ. ശുകനുണ്ടായിരുന്നതു സ്വാഭാവിക മായ വൈരാഗ്യവും, തന്മൂലം വന്ന വിചാരവും സംയമവും മാത്രമായി രുന്നു. അവ ക്രമാഭ്യാസത്താൽ ദൃഢങ്ങളായിരുന്നില്ല. എല്ലാററിനും പുറമേ അദ്ദേഹത്തെ ആരും അതുവരെ സമാധി അഭ്യസിക്കാൻ ഉപദേ ശിച്ചിട്ടുണ്ടായിരുന്നുമില്ല, അദ്ദേഹം അതു ചെയ്തിരുന്നുമില്ല.

# ശ്രീ ശങ്കരന്റെ മഹദ്കൃത്യം

## (സ്വാമി ആത്മാനന്ദ)

ശ്രീ ശങ്കരൻ തന്റെ ആചാര്യനായ ഗോവിന്ദപാദരെ വിട്ടുപിരിഞ്ഞു കാശിയിൽപ്പോയി ഉപനിഷദ്, ഗീതാ, ബ്രഹ്മസൂത്രം എന്നിവയ്ക്കു ഭാഷ്യം നിർമ്മിക്കുകയുണ്ടായി. എന്നാൽ ഈ അമൂല്യങ്ങളായ ഗ്രന്ഥങ്ങളുടെ നിർമ്മാണം കൊണ്ടുമാത്രം അദ്ദേഹത്തിന്റെ മനസ്സു തൃപ്തിയടഞ്ഞില്ല. ഈ ഗ്രന്ഥങ്ങളിൽ മുഖ്യമായ തത്വങ്ങൾ ഉൾക്കൊണ്ടിരിക്കുന്നതിനെ ജനങ്ങൾക്കു വ്യക്തമാക്കിക്കൊടുക്കേണ്ടതുണ്ടെന്നും ഈ തത്വങ്ങളാണ് സമ്യക് ദർശനമാർഗ്ഗത്തെ അസന്നിഗ്ദ്ധമായി പ്രതിപാദിക്കുന്നതെന്നും പ്രഖ്യാപിക്കേണ്ടതാണെന്നും അദ്ദേഹം നിശ്ചയിച്ചു.

അദ്ദേഹത്തിന്റെ കാലത്തു നിലവിലുള്ള അന്യസമ്പ്രദായങ്ങൾ ബൌദ്ധമതം, ജൈനമതം എന്നീ അവൈദിക മതങ്ങളായിരുന്നു. എന്നാൽ അവയാകട്ടെ ബുദ്ധദേവനും ജിനനും ഉപദേശിച്ച പരിശുദ്ധമായ സദാചാരങ്ങളേയും യോഗസമ്പ്രദായങ്ങളേയും ഉപേക്ഷിച്ച് ഈ രണ്ടു മഹാന്മാരെത്തന്നെ ദൈവങ്ങളാക്കിത്തീർത്ത് അവരുടെ മുപ്പതും അയ്മ്പതും അടിയുള്ള വിഗ്രഹങ്ങൾ നിർമ്മിച്ച് അവയെ ആരാധിക്കുന്ന നിലവാരത്തിലേയ്ക്കു ഇറങ്ങിയിരുന്നു. ഇവരുടെ തത്വസംഹിത നാസ്തികവാദത്തിലും ക്ഷണികവിജ്ഞാനവാദത്തിലും അവസാനിച്ചിരുന്നു. ജീവിതയാത്രയ്ക്കു നങ്കൂരമോ ചുക്കാനോ ഇല്ലാത്ത ഒരു കപ്പലായിട്ടാണ് ഇവ പരിണമിച്ചിരുന്നതു്. ബുദ്ധമതത്തിനും ജൈനമതത്തിനും ഇങ്ങിനെ ദുരവസ്ഥ സംഭവിച്ച കാലത്താണ്, ജൈമിനി മഹർഷി

---

ചുരുക്കത്തിൽ ആ ഋഷികുമാരൻ പ്രപഞ്ചം വെറും അസത്യാഭാസമാണെന്ന വസ്തുത മാത്രമേ അറിഞ്ഞിരുന്നുള്ളു. ആഭാസത്തിന്റെ പുറകിലുള്ള സത്യസത്തയേയും, അതു സാക്ഷാൽക്കരിപ്പാനുള്ള മാർഗ്ഗത്തേയും അറിയാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മനസ്സ് ആയാസപ്പെട്ടുകൊണ്ടിരുന്നു. അതാണ് ജനകനോടദ്ദേഹം ''സത്യം ബ്രൂഹി മമാചലം'' യാതൊരാഭാസവും ചലനവും കൂടാത്ത സത്യം (സദ്വസ്തു) എന്താണെന്ന് എന്നോടു പറയേണമേ എന്നു പ്രാർത്ഥിച്ചതു്.

(തുടരും)

യാൽ പ്രബലമായി പ്രതിപാദിക്കപ്പെട്ട യാഗയജ്ഞാദികളുംകൊള്ളുന്ന വൈദികധമ്മം വീണ്ടും തലപൊക്കിയതു്. ഈ ധമ്മത്തെ അദ്ദേഹം 2644 സൂത്രങ്ങളടങ്ങിയ ധമ്മമീമാംസ അഥവാ പൂൎവ്വമീമാംസ എന്ന ഗ്രന്ഥത്തിലാണു് പ്രതിപാദിച്ചിരിക്കുന്നതു്.

ജൈമിനീയ സൂത്രങ്ങൾക്കു് ശബരസ്വാമി വ്യാഖ്യാനം നിമ്മിച്ചിരുന്നു. കുമാരിലഭട്ടൻ, പ്രഭാകരൻ എന്നീ രണ്ടാചാര്യന്മാർ ഈ ശബരഭാഷ്യത്തിന്നു വാൎത്തികങ്ങൾ (ഉപാഖ്യാനങ്ങൾ) ഗംഭീരമായ നിലയിൽ നിമ്മിച്ചിരുന്നു. കേവലം നാനാവിധമായ യാഗയജ്ഞാദി കമ്മങ്ങൾ കൊണ്ടുമാത്രം മനുഷ്യന്നു ജീവിതത്തിൻെറ പരമലക്ഷ്യം സമ്പാദിക്കാം എന്നായിരുന്നു അവരുടെ (മേൽപ്പറഞ്ഞ ആചാൎയ്യന്മാരുടെ) സിദ്ധാന്തം.

അപ്പോൾ ചില പ്രബലന്മാരായ ഹിന്ദുരാജാക്കന്മാർ ഈ സിദ്ധാന്തങ്ങൾക്കു് പ്രോത്സാഹനം കൊടുക്കുകയുണ്ടായി. അനേകം ആളുകൾ ബുദ്ധമതത്തേയും ജൈനമതത്തേയും വിട്ടു ഹിന്ദുക്കളായിത്തീൎന്നു. വേദാദ്ധ്യയനത്തിന്നു പ്രാബല്യം കൂടി. വേദഘോഷം എവിടേയും വീണ്ടും മുഴങ്ങിത്തുടങ്ങി. മീമാംസാപാണ്ഡിത്യം പരമപാണ്ഡിത്യം എന്നു കരുതപ്പെട്ടുവന്നു.

മീമാംസകന്മാരുടെ പ്രഥമസിദ്ധാന്തം വേദം കേവലം കമ്മപരം മാത്രമാണു് എന്നായിരുന്നു. കമ്മത്തെ പ്രതിപാദിക്കാത്ത വേദഭാഗങ്ങൾ അൎത്ഥശൂന്യങ്ങളാണെന്നാണു് അവരുടെ സിദ്ധാന്തം. ഉപനിഷത്തുക്കളിൽ കമ്മങ്ങളെപ്പററിയുള്ള ഈ വിധികളോ വിവരണങ്ങളോ ഇല്ല. അതുകൊണ്ടു് ഉപനിഷദ്ഭാഗങ്ങൾ ത്യാജ്യങ്ങളാണെന്നാണു് അവരുടെ ഉറച്ച നിഗമനം. വേദപാഠം എന്നുവെച്ചാൽ സംഹിതാ, ബ്രാഹ്മണഭാഗങ്ങളുടെ പാഠം എന്നുമാത്രം. ഉപനിഷത്തിനെ ഒട്ടും ശ്രദ്ധിക്കേണ്ടതില്ല. മിമാംസകന്മാരുടെ സമ്പ്രദായത്തിൽ യമനിയമാദികൾക്കോ ആത്മജ്ഞാനലബ്ധിക്കോ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. സംന്യാസത്തിന്നും സ്ഥാനമുണ്ടായിരുന്നില്ല. വേദത്തിന്നു ഇങ്ങിനെയൊരു വിലകല്പിച്ചതായിരുന്നു ശ്രീശങ്കരന്നു പരമദുസ്സഹമായിരുന്നതു്. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ വൈദികമതത്തിന്നു, ഹിന്ദുമതത്തിന്നു്, മിമാംസാശാസ്ത്രപ്രതിപാദനത്തിൽനിന്നും കേവലകമ്മാനുഷ്ഠാനങ്ങളിൽനിന്നും ഉണ്ടായ അപകടമാണു് ബൌദ്ധന്മാരിൽനിന്നും ജൈനന്മാരിൽനിന്നും ഉണ്ടായ അപകടത്തേക്കാൾ ഘോരമായ ഒന്നു്,

എത്രയോ തുച്ഛമായ വേദകർമ്മങ്ങളെ വലുതാക്കിപ്പുകഴ്ത്തുന്നതും ആത്മ ജ്ഞാനത്തെ ദൂരെ നിഷ്കാസനം ചെയ്യുന്നതും ആണ് ഹിന്ദുക്കളിൽ വന്നുകൂടിയ വലിയ അന്ധത എന്നു് അദ്ദേഹം മനസ്സിലാക്കി. ശ ങ്കരൻ തൻെറ മുഖ്യമായ പ്രവൃത്തി മീമാംസാഖണ്ഡനമാണെന്നു് തീരു മാനിച്ചു. ആ ഖണ്ഡനം എല്ലാവക്കും സ്പഷ്ടമായി തെളിഞ്ഞുകാണേ ണ്ടതുമാണ്'. അന്നത്തെ സമ്പ്രദായപ്രകാരം മീമാംസാ പരമാചാര്യ നായ കുമാരിലഭട്ടനെ നേരിടുവാൻ തീരുമാനിച്ച് അദ്ദേഹം കാശിയിൽ നിന്നു യാത്രയായി. ശ്രീശങ്കരൻെറ ദിഗ്‌വിജയം ഇങ്ങിനെയാണു് ആരംഭിച്ചതു്. ശ്രീശങ്കരൻ കുമാരിലഭട്ടനെ സമീപിച്ചു. എന്നാൽ അദ്ദേഹം ഒരു പ്രായശ്ചിത്തമായി ധീരതയോടെ തൻെറ ദേഹത്തെ ഉമിത്തീയിൽ അപ്പിക്കുന്ന സമയമായിരുന്നു അതു്. എന്നാൽ ഭട്ടൻ തൻെറ മുഖ്യശിഷ്യനായ മണ്ഡനമിശ്രനോട്ട് വാദം നടത്തുവാൻ പറഞ്ഞു. ശ്രീശങ്കരൻ മണ്ഡനമിശ്രനെ മാഹിഷ്മതിയിൽ പോ യിക്കണ്ടു. വേദകർമ്മങ്ങൾക്ക് അതിപ്രധാനമായിരുന്ന യജ്ഞോ പവീതത്തേയും ശിഖയേയും ഉപേക്ഷിച്ചിരുന്ന ശ്രീശങ്കരനെ കാണു വാൻതന്നെ മണ്ഡനമിശ്രൻ ആദ്യം വിസമ്മതിച്ചു. പക്ഷേ പിന്നീടു നടന്ന വാദപ്രതിവാദം 18 ദിവസങ്ങൾ നീണ്ടുനിന്നു. വാദത്തിൽ മദ്ധ്യസ്ഥയായി മണ്ഡനമിശ്രൻെറ ഭാര്യയായ ഉഭയഭാരതിയെത്തന്നെ അവർ രണ്ടുപേരും സ്വീകരിച്ചു.

ഈ സംഗതി വളരെ ഗണനീയമാണു്. സ്ത്രീകളുടെ പാണ്ഡി ത്യവും വിദ്യയും അവരുടെ നിഷ്പക്ഷതയും എത്രത്തോളമായിരുന്നു അ ക്കാലത്തിൽ എന്നതിനെ ഇതു് തെളിവാക്കുന്നു. ഗാർഗ്ഗിയുടെയും മൈ ത്രേയിയുടെയും ഉഭയഭാരതിയുടേയും പാരമ്പര്യം ഇന്ത്യയിൽ എന്നും തുടരട്ടെ. അദ്ധ്യാത്മജ്ഞാനത്തിന്നും സ്ത്രീകൾ ഇറങ്ങട്ടെ.

വേദപ്രാമാണ്യം, അതിൻെറ അദൃഷ്ടാർത്ഥത, അതിൻെറ അപൌരു ഷേയത്വം, നിത്യകർമ്മത്തെപററിയുള്ള പല തെററിദ്ധാരണകൾ, സ ർവ്വകർമ്മസന്യാസത്തിൻെറ ആവശ്യകത, നശ്വരമായ കർമ്മത്തിന്നു് അ നശ്വരമായ ഫലം ചെയ്യാനുള്ള അസാദ്ധ്യത മുതലായ ഗഹനങ്ങളായ വിഷയങ്ങൾ കൂലങ്കഷമായ ചിന്തയ്ക്കു വിധേയങ്ങളായി.

ഉഭയഭാരതിക്ക് വാദഗതി സ്പഷ്ടമായി. അവൾ ഇരുവാദികളുടേ യും കണ്ഠത്തിൽ മാലയർപ്പിച്ചു. ആരുടെ മാല വാടുന്നുവോ ആ ആൾ

# സംയമം

## (ശാന്താദേവി)

മനുഷ്യരാശിയിൽ ജനിച്ച ഓരോരുത്തരുടേയും ലക്ഷ്യം സ്വന്തം ആത്മോദ്ധാരണമാണ്. ആത്മാവിനെ ആത്മാവുകൊണ്ട് ഉദ്ധരിപ്പിക്കുക, എന്നാണ് ഗീതയിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ആത്മാവു കൊണ്ട് എന്നു പറഞ്ഞാൽ അന്തഃകരണംകൊണ്ട് എന്നാണ് അർത്ഥം. അന്തഃകരണം ശുദ്ധിയാകാതെ ആത്മോദ്ധാരണം സാദ്ധ്യമല്ല. ഇതിനു മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ ഇവയുടെ സംയമം കൂടിയേ തീരൂ. ഇ

---

പരാജിതൻ എന്നു പറയുകയുണ്ടായി. ഒടുവിൽ മണ്ഡനമിശ്രന്റെ മാലയാണ് വാടിയത്. അപ്പോൾ ഇതുവരെ ഒരാളെ ഭിക്ഷയ്ക്കും മറ്റേ ആളെ ആഹാരത്തിനും ക്ഷണിച്ചിരുന്ന പതിവു വിട്ട് ഇരുകൂട്ടരേയും ഭിക്ഷയ്ക്കായി ക്ഷണിച്ചു. ഈ മഹത്സംഭവത്തെക്കുറിച്ചു ഹിന്ദുക്കൾ മാത്രമല്ല, ലോകമൊട്ടാകെ ചിന്തിക്കേണ്ടതാണ്. സാധാരണ ജനം പലേവിധമായ ചടങ്ങുകളാണ് മതാനുഷ്ഠാനത്തിന്റെ മർമ്മം എന്ന തങ്ങളുടെ ഹ്രസ്വബുദ്ധികൊണ്ട സ്വീകരിച്ചു വരുന്നു. ചടങ്ങുകൾ ആരംഭദശയിൽ ആവശ്യമാണ്, അനുപേക്ഷണീയങ്ങളുമാണ്. എന്നാൽ അവയെ നാം ജീവിതം മുഴുവൻ മുറുക്കിപ്പിടിച്ചുകൂടാ. വേദനിർദ്ദിഷ്ടമായ ചടങ്ങുകളേക്കാളും വില കൂടിയതാണ് സദാചാരം. സദാചാരം ഒരു കാലത്തിലും ഒരു നിലയിലും ഉപേക്ഷണീയമല്ല. ഉയർന്ന ലക്ഷ്യത്തിനുവേണ്ടി ചടങ്ങുകളെ ഉപേക്ഷിക്കണം. ജ്ഞാനനിഷ്ഠയാണ് പരമസാധന.

ഇതാണ് മണ്ഡനമിശ്രൻ ചെയ്തത്. അദ്ദേഹം വളരെക്കാലമായി എല്ലാ ശാസ്ത്രഭാരത്തേയും വഹിച്ച് കർമ്മമാണ്, ചടങ്ങുകളാണ് പരമകൃത്യം എന്നു വിശ്വസിച്ചിരുന്നു. ശ്രീ ശങ്കരൻ അദ്ദേഹത്തിന്റെ കണ്ണു തുറന്നു. മണ്ഡനമിശ്രൻ പ്രസിദ്ധനായ സുരേശ്വരാചാര്യരായി. ശ്രീ ശങ്കരന്റെ പ്രധാന ശിഷ്യനായി. കർമ്മത്തെ ഉപേക്ഷിച്ചു ജ്ഞാനനിഷ്ഠയിൽ പൂർണ്ണമായി ഇറങ്ങി. ഇപ്രകാരമാണ് ശ്രീ ശങ്കരൻ വേദാന്തത്തിന്റെ പരമസ്ഥാനത്തെ ഭാരതത്തിൽ അപ്രതിഹതമായി സ്ഥാപിച്ചത്.

---

 

ന്ദ്രിയനിയമനം സാധിച്ചവൎക്കു് ഇഹത്തിലും, പരത്തിലും, വിജയം നിശ്ചയമാണു്. ഏതു ജാതിയായാലും, ഏതു മതമായാലും ഭക്തിജ്ഞാനകൎമ്മാദികളായ യോഗങ്ങൾ ഏതായാലും ശരി, സംയമം കൂടാതെ ഒരു വഴിയിലും പുരോഗമനമുണ്ടാകയില്ല, നിശ്ചയം. വെറും ലൌകികമായ സുഖഭോഗങ്ങൾ മാത്രമേ വേണ്ടു എന്നുതന്നെ ആയാലും ഇന്ദ്രിയസംയമം കൂടിയേ കഴിയൂ—സംയമം ഇല്ലാത്ത ജീവിതം പ്രയോജനശൂന്യം മാത്രമാണു്.

രാഗദ്വേഷങ്ങളാലാണു് അന്തഃകരണം മലിനമാവുന്നതു്. രാഗദ്വേഷരഹിതരായി, നിൎമ്മലാന്തഃകരണത്തോടുകൂടിയ ജനങ്ങൾ, ലോകത്തിൽ എത്രതന്നെ വ്യവഹരിച്ചാലും അവരുടെ പ്രവൃത്തി അവൎക്കും, ലോകൎക്കും ഒരുപോലെ ഉപകാരത്തേയും, ആനന്ദത്തേയും പ്രദാനം ചെയ്യുന്നു. രാഗദ്വേഷങ്ങൾ വിടാത്തവർ തനിക്കും, അന്യൎക്കും ഹാനി ചെയ്യുന്നു. രാഗദ്വേഷാദികൾ അകലണമെങ്കിൽ മനസ്സിനേയും, ബുദ്ധിയേയും, ഇന്ദ്രിയങ്ങളേയും നല്ലവണ്ണം നിയന്ത്രിക്കണം.

ഇക്കാലത്തു മനുഷ്യരുടെ ഇടയിൽ സംയമം തീരെ ഇല്ലാതെ ആയിരിക്കുന്നു. സംയമം ഇല്ലാത്തതിനാൽ അവർ ഇന്ദ്രിയങ്ങളുടെ വലയിൽപ്പെട്ടു വലയുന്നു. ആധുനികലോകത്തിൽ ഇന്ദ്രിയപ്രലോഭനപരങ്ങളായ വസ്തുക്കൾ ഉണ്ടാക്കുവാൻ എത്ര ഫാക്ടറികളാണു് സ്ഥാപിതമായിരിക്കുന്നതു്. സൌന്ദൎയ്യത്തെ വൎദ്ധിപ്പിക്കുവാനെന്ന ജാഡയിൽ എന്തെല്ലാം സാധനങ്ങളാണു് ഉണ്ടാക്കുന്നതു്? സൌന്ദൎയ്യം ഇഷ്ടപ്പെടാത്തവർ ആരുംതന്നെ ലോകത്തിൽ ഉണ്ടായിരിക്കയില്ല. എന്നാൽ എന്താണു് ഈ സൌന്ദൎയ്യം എന്നു ലോകം അറിയുന്നില്ല, എന്നതാണു് കഷ്ടം. കുട്ടിക്കാലം മുതല്ക്കുതന്നെ സംയമം അഭ്യസിക്കാത്ത ഇക്കാലത്തെ ബാലികാബാലന്മാർ ആഡംബരങ്ങളാൽ ആകൎഷിക്കപ്പെടുന്നു. അവൎക്കു വിവേചനപൂൎവ്വമായ പെരുമാററമോ, ഗുരുജനങ്ങളോടും മുതിൎന്നവരോടും ബഹുമാനമോ ഉണ്ടാകുന്നില്ല. അവർ പൂജനീയമായതിനെ പൂജിക്കാതെ, ഫാക്ടറികളിൽ ഉല്പാദിപ്പിച്ച വസ്തുക്കളേയാണു് പൂജിക്കുന്നതു്. ബാഹ്യസൌന്ദൎയ്യത്തോടുള്ള അവരുടെ ഭ്രമമാണു് ഈ അനൎത്ഥത്തിനെല്ലാം കാരണം.

വാസ്തവത്തിൽ രാഗദ്വേഷരഹിതമായ നിൎമ്മലമനസ്സിന്റെ ജ്യോതിസ്സാണു് യഥാൎത്ഥവും പരമവുമായ സൌന്ദൎയ്യം. നിസ്വാൎത്ഥലോകസേവനമാകുന്ന വളകൾ അണിയുക; നമസ്കാരമാകുന്ന ചൂഡാമണി ശി

രസ്സിൽ ധരിക്കുക, സദാ പരമാത്മസ്മരണയാകുന്ന മാലകൾ വക്ഷസ്സിൽ ധരിക്കുക — ഇതെല്ലാമാണ് ശരിയായ ആഭരണങ്ങൾ. അനിത്യങ്ങളായ ഭോഗ്യവസ്തുക്കളുടെ പിന്നാലെ മനസ്സിനെ ഓടിക്കാതിരിക്കുു. നിത്യവും ആനന്ദാത്മകവുമായ പരമപദത്തെ അടയേണമെങ്കിൽ മനഃസംയമം അഭ്യസിക്കുക. മനുഷ്യശരീരം ഭോഗരസത്തിനുള്ളതല്ല. വേറെ ഏതെല്ലാം യോനികളിൽപെട്ടാലും മുക്തിക്കുള്ള അഹ്ത ലഭിക്കുന്നില്ല. ഉത്തമമായ മനുഷ്യജന്മത്തിൽ മാത്രമെ അതു സാദ്ധ്യമാവൂ. എന്നാൽ മനുഷ്യന് അവിടെ എത്തിച്ചേരാനുള്ള വിവേകവൈരാഗ്യാദികൾ തീരെ ഇല്ല. രണ്ടുപക്ഷമില്ലാത്ത പക്ഷിക്ക് പറക്കുവാൻ കഴിയുമോ? വിവേകവൈരാഗ്യാദികൾ വദ്ധിപ്പിക്കുക. ഇവ വദ്ധിക്കണമെങ്കിൽ ദൃശ്യവസ്തുക്കൾ അനിത്യമാണെന്നുറപ്പിച്ചു ധ്യാനം അഭ്യസിക്കുക. അഭ്യാസംകൊണ്ടും, വൈരാഗ്യംകൊണ്ടും മാത്രമേ മനസ്സടങ്ങു. രാഗദ്വേഷങ്ങളും അതിൽനിന്നുത്ഭവിക്കുന്ന കാമക്രോധങ്ങളുമാണ് സാധകന്റെ വലിയ ശത്രു.

രാഗദ്വേഷങ്ങൾ അനുകൂലപ്രതികൂലഭാവങ്ങളിൽ നിന്നാണല്ലോ ഉണ്ടാകുന്നതു്. ഈ ഭേദഭാവനകളെ അകററുക. ഭക്ഷണം കഴിക്കുന്ന അവസരത്തിൽ അറിയാതെ പല്ലു നാവിന്മേൽ കൊള്ളുമ്പോൾ നോവുന്നുണ്ടു്. പക്ഷെ നമുക്കാരോടും ദ്വേഷ്യം വരാറില്ലല്ലോ. ഒരേ ശരീരത്തിലെ പല ഭാഗങ്ങൾ മാത്രമാണവ. കയ്യ് കണ്ണിലോ മറേറാ കൊണ്ടു് എത്രതന്നെ വേദന ഉണ്ടായാലും നമുക്കു ഭാവഭേദം വരാറില്ല. ഭാവഭേദം വരുന്നതു നമ്മളിൽനിന്നന്യമായ വസ്തുക്കളിൽനിന്നു പ്രതികൂലാനുഭവം ഉണ്ടാകുമ്പോൾ മാത്രമാണ്. പ്രിയമാണെന്നു തോന്നുന്ന വസ്തുക്കളോടു രാഗവും അപ്രിയമായവയോടു ദ്വേഷവും വരുന്നു. ഇതു് ഓരോരുത്തരുടേയും മനസ്സിന്റെ വികാരങ്ങളാണ്. വാസ്തവത്തിൽ പരമാത്മവസ്തു ഒന്നുമാത്രമേ ഉള്ളു എന്നും ഈ പ്രപഞ്ചവസ്തുക്കൾ അതിന്റെ വികാരഭേദങ്ങളാണെന്നും മനസ്സിൽ ഉറയ്ക്കുമ്പോൾ ഈ ഭേദബുദ്ധി താനേ അകന്നുകൊള്ളും. അതിനാൽ തീവ്രവൈരാഗ്യത്താലും, തുടൎന്നുള്ള നിദിദ്ധ്യാസനത്താലും മനസ്സിനെ പരമാത്മാവിൽ ലയിപ്പിക്കുക. പിന്നെ ബുദ്ധിയും ഇന്ദ്രിയങ്ങളും കെട്ടടങ്ങും. നിങ്ങളുടെ ജീവിതം ശ്രേഷ്ഠമാകും.

"താനി സൎവ്വാണി സംയമ്യ യുക്ത ആസീത മൽപരഃ
വശേഹിയസ്യേന്ദ്രിയാണി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ".

# അമരവാണി

1. വെള്ളത്തിൽ നില്ക്കുന്ന താമരയിലയിൽ വെള്ളം പുരളുന്നില്ലാത്തതു പോലെ, സദാപ്രവൃത്തിനിരതരായ **കർമ്മയോഗികൾ** ആ കർമ്മങ്ങളാൽ അലേപരാണ്. അവരുടെ കർമ്മങ്ങൾ അവരെ ഒരു വിധത്തിലും ബാധിക്കുന്നില്ല.

*  *  *  *

2. നമ്മളിൽ നിറഞ്ഞിരിക്കുന്ന ഈശ്വരസത്തതന്നെയാണ് എല്ലാ മനുഷ്യരിലും—എല്ലാ ജീവരാശികളിലും, നിറഞ്ഞിരിക്കുന്നതു്. അതിനാൽ പരദൂഷണം ആത്മദൂഷണം തന്നെയാണെന്നു് മനസ്സിലാക്കുക.

*  *  *  *

3. ഇരുളടഞ്ഞ ഗുഹയിൽനിന്നും, ഇരുളിനെ നീക്കം ചെയ്യാൻ വെളിച്ചംകൊണ്ടുവരികയല്ലാതെ മററു പോംവഴിയൊന്നുംതന്നെയില്ല. വെളിച്ചം വന്നുകഴിഞ്ഞാൽ പിന്നെ അവിടെ ഇരുളില്ല. അതുപോലെതന്നെ ജ്ഞാനപ്രദീപത്തിന്റെ ആഗമനത്തോടുകൂടി അജ്ഞാനമാകുന്ന ഇരുട്ടു് തനിയേ ഇല്ലാതായിക്കൊള്ളും.

*  *  *  *

4. സുഖദുഃഖാദികളായ ദ്വന്ദഭാവങ്ങൾ മനസ്സിനെ അലട്ടാതിരിക്കുന്ന അവസ്ഥയാണ് സമഭാവമെന്നു് പറയപ്പെടുന്നതു്. സമഭാവമാണ് പരമാനന്ദത്തിന്റെ ഉറവിടം.

*  *  *  *

5. ദുർവിവാദം വൈരത്തെ ഉല്പാദിപ്പിക്കുന്നു, മനസ്സിനെ അലട്ടുന്നു, ശാസ്ത്രത്തെ ദൂഷിക്കുന്നു. വിവാദരതനായ ഒരാൾക്കു് തത്വദർശനം ഒരുകാലത്തും സാദ്ധ്യമല്ല. ധൃഷ്ടതക്കുവശഗനാകാതെ, ഉറച്ച വിശ്വാസത്തോടെ പ്രവൃത്തിയെടുക്കുന്ന ആൾ ആയാസംവിനാ വിജയം കൈവരിക്കുന്നു.

*  *  *  *

6. എല്ലാ ദുഃഖങ്ങൾക്കും മൂലകാരണം സംഗ്രഹബുദ്ധിയാണ്. സംഗ്രഹബുദ്ധിയില്ലാത്ത പക്ഷിമൃഗാദികൾ സുഖികളാണ്. ദുഃഖകാരണമായ സംഗ്രഹബുദ്ധിയെ വലിച്ചെറിയൂ. ശാന്തി തനിയേ വന്നുചേർന്നുകൊള്ളും.

# ആത്മജ്ഞാനോപദേശവിധി

## VI

## (സ്വാമി ഹരിഹരാനന്ദസരസ്വതി)

[തുടച്ച്]

ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവയൊന്നുംതന്നെ ആത്മാവാകുവാൻ തരമില്ലെന്നും ഇവയിൽനിന്നും ഭിന്നനും ചൈതന്യപൂൎണ്ണനുമായ ആത്മാവിന്റെ (ജീവന്റെ) സുഖദുഃഖാനുഭവങ്ങൾക്കായി ഘടിപ്പിച്ചിട്ടുള്ള വെറും ഉപകരണങ്ങൾ മാത്രമാണെന്നും തെളിയിച്ചശേഷം പ്രാണനാണ് ആത്മാവ് എന്നു വാദിക്കുന്നവരുടെ മതത്തെ ഖണ്ഡിക്കുവാനാണ് 12–ാമതു മുതലുള്ള മന്ത്രങ്ങൾ ആരംഭിച്ചിട്ടുള്ളതു് ഈ തത്വത്തെത്തന്നെ കൂടുതൽ വിശദമാക്കുന്നു.

കരണോപരമാദ്വിജ്ഞാനാഭാവഃ പ്രാണസ്യേതി ചേന്ന, സ്വാമിനി വ്യാപ്രിയമാണേ കരണോപരമാഭാവാത് രാജപുരുഷവത് അതഏവ ന പ്രാണസ്യൈതാനി । യഃ സ്വാപേനോപരതസ്തസ്യൈതാനി കരണാന്യുപരതാനി ॥ 1—15

കരണോപരമാത് = ഇന്ദ്രിയങ്ങൾ പ്രവൎത്തിക്കാത്തതുകൊണ്ടാണ്, പ്രാണസ്യ = പ്രാണന്റെ, വിജ്ഞാന അഭാവഃ = (സുഷുപ്തി കാലത്തുള്ള) വിജ്ഞാനം ഇല്ലായ്മ, ഇതി ചേത് = എന്നു് അഭിപ്രായപ്പെടുകയാണെങ്കിൽ, ന = അതങ്ങിനെയല്ല. സ്വാമിനി = (ഇന്ദ്രിയങ്ങളുടെ) യജമാനനായ (പ്രാണൻ), വ്യാപ്രിയമാണേ = പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന കാലത്തു്, കരണ ഉപരമ അഭാവാത് = ഇന്ദ്രിയങ്ങൾ ജോലി നിൎവ്വഹിക്കാതിരിക്കുവാൻ തരമില്ല.

രാജപുരുഷവത് = രാജാവ് ജോലി ചെയ്യുമ്പോൾ അകമ്പടിക്കാർ ജോലി ചെയ്യാതിരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ, ഏതാനി = ഈ ഇന്ദ്രിയങ്ങളും, അതഃ ഏവ = അതുകൊണ്ടുതന്നെ, പ്രാണസ്യ ന = പ്രാണനുവേണ്ടി നില്ക്കുന്നവയല്ല.

യഃ സ്വാപേന ഉപരതഃ = ഏതൊരു ജീവാത്മാവ് ഗാഢനിദ്രാസമയത്തു പ്രവൃത്തിരഹിതനായി നിലകൊള്ളുമ്പോൾ, ഉപരതാനി = (ഈ ഇന്ദ്രിയങ്ങളും) പ്രവൃത്തിരഹിതങ്ങളായിത്തീരുന്നുവോ, തസ്യ =

ആ ജീവാത്മാവിൻേറതുതന്നെയാകുന്നു, ഏതാനി കരണാനി = ഈ ഇന്ദ്രിയങ്ങളും.

ഒരാറം ഗാഢനിദ്രയെ പ്രാപിച്ചിരിക്കുമ്പോറം യാതൊന്നും അറിയുന്നില്ല. ഇന്ദ്രിയങ്ങറം ശബ്ദാദിവിഷയങ്ങളെ ഗ്രഹിക്കുന്നില്ല. ബുദ്ധി പ്രവൎത്തിക്കുന്നില്ല. മനസ്സു നിശ്ചലമായിത്തീരുന്നു. ഉണൎന്നെഴുന്നേല്ക്കുമ്പോറം ''ഞാൻ സുഖമായി ഉറങ്ങി'' എന്നു സ്വന്തം അനുഭവത്തെ പറയുന്നു. ആ ഗാഢനിദ്രാസമയത്തു യാതൊരനുഭവവും ഉണ്ടാകുന്നില്ല. പ്രാണൻെറ ചലനം ഉള്ളതുകൊണ്ടു മാത്രമാണു് മരിച്ചിട്ടില്ല എന്നു പറയുന്നതു്. ഇങ്ങിനെ സുഷുപ്തിയിൽ വിജ്ഞാനമില്ലാതിരിക്കുവാനുള്ള കാരണം എന്തെന്നും വിജ്ഞാനപ്രദങ്ങളായ ജ്ഞാനേന്ദ്രിയങ്ങറം വാസ്തവത്തിൽ ആരോടു ചേൎന്നതാണെന്നും താഴെ വിവരിക്കുന്നു.

ഇതു സംബന്ധിച്ചു് ഒരു പൂൎവ്വപക്ഷം ഉന്നയിക്കുന്നു. സുഷുപ്തിയിൽ വിജ്ഞാനം ഇല്ലാതിരിക്കുവാനുള്ള കാരണം ആ സമയത്തു ജ്ഞാനേന്ദ്രിയങ്ങളുടെ പ്രവൎത്തനാഭാവമാണു്. അല്ലാതെ അവയുടെ പ്രജ്ഞാഭാവമല്ല എന്നു പറയുകയാണെങ്കിൽ അതു ശരിയല്ല. എന്തുകൊണ്ടെന്നാൽ പ്രാണൻ ഇന്ദ്രിയങ്ങളുടെ അധിപതിയായിരുന്നെങ്കിൽ, പ്രാണൻ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സമയങ്ങളിലെല്ലാംതന്നെ ഇന്ദ്രിയങ്ങളും നിശ്ചയമായും പ്രവൎത്തിക്കണം. എന്നാൽ സുഷുപ്തിയിൽ പ്രാണൻ പ്രവൎത്തിക്കുന്നുണ്ടെങ്കിലും ഇന്ദ്രിയങ്ങറം പ്രവൃത്തി ചെയ്യുന്നില്ല. വിജ്ഞാനവും ഉണ്ടാകുന്നില്ല. അതുകൊണ്ടു പ്രാണൻ ഇന്ദ്രിയങ്ങളുടെ അധിപതിയല്ല.

ഈ തത്വത്തെ ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കുന്നു. ഒരു രാജാവും കൂടെ കുറെ സേവകന്മാരുംകൂടി ഇരിക്കുമ്പോറം അവരുടെ സ്വാമിയായ രാജാവു് ജോലി ചെയ്യുന്ന സമയത്തെല്ലാം സേവകന്മാരും ജോലി നിൎവ്വഹിക്കും. രാജാവു് പ്രവൎത്തിക്കുന്ന സമയത്തു് അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു പരിചാരകന്മാൎക്കു് ഓരോ ജോലികളിൽ വ്യാപൃതരാകാതിരിക്കുവാൻ തരമില്ല. ഇതു നിൎബ്ബന്ധമാണു്. എന്നാൽ ഇവിടെയാകട്ടെ പ്രാണൻ സുഷുപ്തികാലത്തു പൂൎണ്ണമായി സ്ഥിതിചെയ്യുന്നുണ്ടെങ്കിലും ഇന്ദ്രിയങ്ങറം വിഷയഗ്രഹണം തീരെ ഇല്ലാതെ ലയത്തെ പ്രാപിച്ചിട്ടുള്ളതായാണു് അനുഭവം. അതുകൊണ്ടു പ്രാണൻ അവയുടെ സ്വാമിയല്ലെന്നു തെളിയുന്നു.

പിന്നെ, ഇന്ദ്രിയങ്ങാം ആരോടു ചേൎന്നവയാണ്? ആരുടെ കല്പനയനുസരിച്ചു പ്രവൎത്തിക്കേണ്ടവയാണ്? ഇതിനുത്തരമായി ആരുടെ പ്രവൎത്തനാഭാവത്തിൽ അവ പ്രവൎത്തിക്കാതിരിക്കുകയും, ആരുടെ പ്രവൎത്തനകാലങ്ങളിൽ അവ പ്രവൎത്തിക്കുകയും ചെയ്യുന്നുവോ, ആ മഹാശക്തിയുടേതാണെന്നു സിദ്ധമാകും. ജീവാത്മാവിന്റെ പ്രവൎത്തനാഭാവത്തിലാണ് ഇന്ദ്രിയങ്ങാം ലയം പ്രാപിക്കുന്നതു്. ജീവൻ ജാഗരൂകനായി പ്രവൎത്തിച്ചുതുടങ്ങുമ്പോാം പെട്ടെന്നു് ഇന്ദ്രിയങ്ങളും പ്രവൎത്തനമാരംഭിക്കുന്നു. ആകയാൽ ഈ ഇന്ദ്രിയങ്ങാം ജീവാത്മാവിന്റെ അധീനത്തിലാണെന്നും അവരുടെ അധിപതി ജീവാത്മാവാണെന്നും വരുന്നു.

വാസ്തവത്തിൽ ജീവനു് (ആത്മാവിന്നു്) ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥകളും ഇല്ല. അതു സച്ചിദാനന്ദപൂൎണ്ണനും, നിത്യനും, ചൈതന്യരൂപനുമാണ്. ഇവിടെ ജീവാത്മാവ് എന്നു വ്യാഖ്യാനിക്കുന്നതു ശുദ്ധമായ ബുദ്ധിതത്വത്തിൽ പ്രതിബിംബിതമായ "ചിദാഭാസനെ"യാണ്. ഈ ജീവാത്മാവാണ് ബുദ്ധികൊണ്ടു പ്രേരിതനായിട്ടു് ജാഗ്രദാദി അവസ്ഥകളെ മാറി മാറി അനുഭവിച്ചുകൊണ്ടിരിക്കുന്നതായി തോന്നുന്നതു്.

ശബ്ദം, സ്പൎശം മുതലായ വിഷയങ്ങളുമായി സംബന്ധമുണ്ടാകുമ്പോാം ബുദ്ധി തദാകാരമായിത്തീരുന്നു. ആത്മചൈതന്യത്താൽ പ്രകാശിക്കപ്പെടുമ്പോാം മാത്രമേ ബുദ്ധിക്കു് അവയെ ഇനംതിരിച്ചു ഇന്നതെന്നു നിശ്ചയിക്കുവാനും അനുഭവിക്കുവാനും സാധിക്കുന്നുള്ളു. ശുദ്ധചൈതന്യമായ ആത്മാവിന്നു് യാതൊരുവിധ അനുഭവങ്ങളും ഇല്ല. ബുദ്ധിയിൽ പ്രതിബിംബിതവും, തൽക്കാരണത്താൽ പരിമിതവുമാണെന്നു് തോന്നുന്ന ജീവാത്മാവിന്നു മാത്രമേ സുഖദുഃഖ അനുഭവങ്ങാം ഉള്ളു. ഇന്ദ്രിയങ്ങാം എല്ലാം ഈ ജീവാത്മാവിന്റെ അധീനത്തിലുള്ളവയും വിവിധവിഷയഗ്രഹണംകൊണ്ടു് ജീവാത്മാവിന്നു് സുഖദുഃഖാദ്യനുഭവങ്ങളെ പ്രദാനം ചെയ്യുന്നവയുമാണ്.

ഈ വിഷയത്തെത്തന്നെ താഴെ വിശദമാക്കുന്നു.

യദാസൌ ബഹിൎന്നിൎഗത്യ കരണാന്യധിതിഷ്ഠതി, തദാ സൎവ്വാണി കരണാനി പ്രവൎത്തന്തേ, യദാ ജാഗ്രത് സ്ഥിതി നിമിത്തം കൎമ്മോത്ഭൂതം ഭവതി തദാ സ്വാപാദ്ഭവപരതോ ഭവതി ॥ 1—16

യദാ=ഏതൊരു കാലത്തിൽ, അസൌ=ഈ ജീവാത്മാവ്, ബഹിഃ നിർഗത്യ=പുറത്തു വന്നിട്ട്, കരണാനി അധിതിഷ്ഠതി=ഇന്ദ്രിയങ്ങളുടെ മേൽ പ്രഭാവം ചെലുത്തുന്നുവോ, തദാ=ആ സമയത്ത്, സർവ്വാണി അപി കരണാനി=എല്ലാ ഇന്ദ്രിയങ്ങളും (കരണങ്ങളും), സ്വസ്വവിഷയേ=അവരവരുടെ വിഷയങ്ങളിൽ, പ്രവർത്തന്തേ=പ്രവർത്തിക്കുന്നു.

യദാ=ഏതൊരു സമയത്ത്, ജാഗ്രത് സ്ഥിതി നിമിത്തം കർമ്മ=ജാഗ്രത്ത് കാലത്തിന്ന് കാരണമായ കർമ്മങ്ങൾ, ഉദ്ഭൂതം ഭവതി=ഉല്പന്നങ്ങളായിത്തീരുന്നുവോ, തദാ=അപ്പോൾ സ്വാപാത് ഉപരതഃ ഭവതി=ഗാഢനിദ്ര മതിയാക്കുന്നു.

ജീവാത്മാവ് എപ്പോൾ പുറത്തുവന്ന് ഇന്ദ്രിയങ്ങളുടെ അധീശനായി നില്ക്കുന്നുവോ അപ്പോൾ ഇന്ദ്രിയങ്ങൾ ശബ്ദം, സ്പർശം, ദർശനം തുടങ്ങിയ സ്വ സ്വ വിഷയങ്ങളെ ഗ്രഹിക്കുന്നതിൽ ജാഗരൂകരായിത്തീരുന്നു. ജാഗ്രദവസ്ഥയെ ജനിപ്പിക്കുവാൻ പററിയ കർമ്മങ്ങൾ ഫലദായകമാകുമ്പോഴാണ് ജീവാത്മാവ് ഗാഢനിദ്രയിൽനിന്നും ഉണർന്ന് പ്രവർത്തനമാരംഭിക്കുന്നത്. വീണ്ടും ഗാഢനിദ്രയെ പ്രാപിക്കുമ്പോൾ എല്ലാ ഇന്ദ്രിയങ്ങളും വിലയം പ്രാപിക്കുകയും വിഷയഗ്രഹണത്തിന്നസമർത്ഥങ്ങളാവുകയും ചെയ്യുന്നു. ഇതുകൊണ്ട് സിദ്ധമാകുന്നത് ഇന്ദ്രിയങ്ങൾ പ്രാണനോടു ചേർന്നതല്ലെന്നും ജീവാത്മാവാണ് അവയുടെ അധിപതിയെന്നുമാണ്. ഇവിടെ പുറത്തു വരിക, ഉണരുക എന്നെല്ലാം ഔപചാരികമായി ഉപയോഗിക്കുന്ന ശബ്ദങ്ങളാണെന്നറിയണം. ശുദ്ധപ്രജ്ഞാസ്വരൂപനായ, നിത്യനായ ആത്മാവിന്ന് യാതൊരു കാലത്തും ഒരു മാററവും ഇല്ല. ബുദ്ധിതത്വത്തോടുള്ള താദാത്മ്യമാണ് അതിന്ന് അജ്ഞാനം, ചലനം മുതലായവ ഉള്ളതായി തോന്നിക്കുന്നത്. ഈ തത്വത്തെ കൂടുതൽ വിശദമാക്കുന്നു.

തത് ക്ഷയേ സർവ്വാണി കരണാനി ഗൃഹീത്വാ ബുദ്ധ്യുപാധിസമ്പർക്കജനിതവിഷയവിജ്ഞാനേന സ്വപ്നം സുഷുപ്തം വാ ഗച്ഛതി || 1—17

തത് ക്ഷയേ=ജാഗ്രദവസ്ഥയെ പ്രദാനം ചെയ്ത കർമ്മങ്ങളുടെ ഫലം തീരുമ്പോൾ, സർവ്വാണി കരണാനി ഗൃഹീത്വാ=(ജീവാത്മാവ്) എല്ലാ ഇന്ദ്രിയങ്ങളേയും തന്നിൽ ലയിപ്പിച്ച്, ബുദ്ധി ഉപാധി സമ്പ

ക്ക് ജനിത വിഷയ വിജ്ഞാനേന=ഉപാധിയാകുന്ന ബുദ്ധിയുടെ സമ്പർക്കംകൊണ്ടുണ്ടായ വിഷയ ജ്ഞാനത്തെ ആധാരമാക്കി, സ്വപ്നം ഗച്ഛതി=സ്വപ്നദശയെ പ്രാപിക്കുന്നു, സുഷുപ്തം വാ (ഗച്ഛതി)=അല്ലെങ്കിൽ ഗാഢനിദ്രയെ പ്രാപിക്കുന്നു.

ജാഗ്രദവസ്ഥയിൽ പല വിഷയങ്ങളേയും അനുഭവിച്ചശേഷം, തദവസ്ഥാകാരണമായ കർമ്മം ക്ഷയിക്കുമ്പോൾ ജീവാത്മാവ് സ്വപ്നാവസ്ഥയെ പ്രാപിക്കുന്നു. ജാഗ്രദവസ്ഥയിൽ അനുഭവിച്ച വിഷയങ്ങളുടെ എല്ലാം വിജ്ഞാനം ഉപാധിയായ ബുദ്ധിയിൽ ഉള്ളതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് വിവിധ സ്വപ്നങ്ങളെ കാണുന്നത്. ആ സമയത്ത് ഇന്ദ്രിയങ്ങൾക്ക് ബഹിർവ്യാപാരമില്ല. തന്നിൽത്തന്നെ ലയിപ്പിച്ച് അന്തർദൃഷ്ടികൊണ്ടാണ് സ്വപ്നങ്ങൾ കാണുന്നത്. ഈ സ്വപ്നങ്ങൾക്കെല്ലാം ജാഗ്രദവസ്ഥാനുഭവങ്ങളാണ് അടിസ്ഥാനകാരണം എന്നു സാരം. കുറെ കഴിയുമ്പോൾ ഗാഢനിദ്രയെ പ്രാപിക്കുകയും എല്ലാ കരണങ്ങളുടേയും പ്രവർത്തനാഭാവമുളവാകുകയും ചെയ്യുന്നു. ഇതേ രീതിയിൽ ജീവാത്മാവ്, ബുദ്ധ്യുപാധികൃതമായ ജാഗ്രത് സ്വപ്നസുഷുപ്ത്യവസ്ഥകളെ, വീണ്ടും വീണ്ടും അനുഭവിക്കുന്നു. ജീവാത്മാവിന്റെ ഈ സുഖദുഃഖാനുഭവങ്ങൾക്കുള്ള കരണങ്ങളാകുന്നു ഇന്ദ്രിയങ്ങൾ, ശരീരം, മനസ്സ് മുതലായവ. ജീവാത്മചൈതന്യംകൊണ്ടു മാത്രമേ പ്രാണൻ, ഇന്ദ്രിയങ്ങൾ എന്നിവയ്ക്കെല്ലാം പ്രവർത്തനക്ഷമത സിദ്ധിക്കുന്നുള്ളു എന്നു സമർത്ഥിക്കുന്നു.

ഇവിടെ ബുദ്ധിയാകുന്ന ഉപാധികൊണ്ടു് അവച്ഛിന്നനായ ചിദാഭാസനെയാണ് ജീവാത്മാവ് എന്നു പറയുന്നത്. 'നിത്യശുദ്ധനും, മുക്തനും സാക്ഷിസ്വരൂപനും' ചൈതന്യപൂർണ്ണനുമായ ആത്മാവിന്നു യാതൊരവസ്ഥാഭേദമോ സുഖദുഃഖാദി അനുഭവങ്ങളോ ഇല്ല എന്നു പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. സർവ്വാധിഷ്ഠാനമായ ആത്മചൈതന്യം പരിണാമശൂന്യവും സുസ്ഥിരവുമാണ്.

(തുടരും)

# ഉത്തരഖണ്ഡപര്യടനം—22

## (സ്വാമി ദയാനന്ദതീർത്ഥ)

[തുടർച്ച]

ഭക്ത്യാദരങ്ങളാൽ പരിപൂർണ്ണമായ ഹൃദയം നേത്രങ്ങളെ ആനന്ദബാഷ്പപരിപൂതമാക്കി. മനസ്സില്ലാമനസ്സോടുകൂടിയെങ്കിലും, മഹിമാമഹസ്സാന്ന ആ സന്നിധിയിൽനിന്നും വിടവാങ്ങിയ ഞങ്ങൾ നേരിട്ടു പോയതു് ശ്രീമദ് ദണ്ഡിസ്വാമി ഭാഗവതാനന്ദമഹരാജിന്റെ സന്നിധിയിലേക്കാണു്. അദ്ദേഹം ഞങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചു് ആസനസ്ഥരാക്കിയശേഷം കുശലപ്രശ്നങ്ങൾ ആരംഭിച്ചു. പഴയ രീതിയിലുള്ള സന്യാസവൃത്തിയിൽ ഉറച്ച വിശ്വാസമുള്ള അദ്ദേഹം, ഒരു മഹാപണ്ഡിതനുംകൂടിയാണു്. ഏതാണ്ടു് ഒരു മണിക്കൂറോളം ഞങ്ങൾ പല കാര്യങ്ങളേക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. കുറേ ദിവസങ്ങളെങ്കിലും അവിടെ താമസിച്ചു് വിശ്രമിക്കുവാൻ അദ്ദേഹം ഞങ്ങളെ നിർബ്ബന്ധിച്ചെങ്കിലും, ആ ക്ഷണം സ്വീകരിക്കുവാൻ അപ്പോഴത്തെ ഞങ്ങളുടെ ചുററുപാടുകൾ അനുകൂലമല്ലാതിരുന്നതിനാൽ, തൽക്കാലം കൃതജ്ഞതാപൂർവ്വം അദ്ദേഹത്തോടു് വിടവാങ്ങിപ്പിരിയുകയാണുണ്ടായതു്.

### ബദരിയിലേക്കു്

പിറേറന്നാൾ അതിരാവിലെതന്നെ ഉണർന്നു് ഞങ്ങൾ ബദരീപുരിയിലേക്കു് നടതുടർന്നു. ജോഷീമഠത്തിൽനിന്നും പുറപ്പെടുമ്പോൾ തന്നെ മാർഗ്ഗം രണ്ടായിപ്പിരിയുന്നു. ഒന്നു് നേരേ കിഴക്കോട്ടു് പോകുന്നു. ആ വഴിയേപോയി പതിനേഴായിരത്തിൽപരം അടി ഉയരമുള്ള ''നീതി'' ചുരം കയറിക്കടന്നാൽ ''ടിബററി''ലേക്കുള്ള മാർഗ്ഗമായി. ഇതിനുസമീപമാണു് മൃതസഞ്ജീവനി മുതലായ ദിവ്യൗഷധങ്ങൾ വിളയുന്ന ''ദ്രോണാചലം'' സ്ഥിതിചെയ്യുന്നതു്. അത്യന്തം ഗംഭീരവും ഹൃദയാവർജ്ജകവുമായ ഒരു പർവ്വതപ്രദേശമാണിതു്.

ജോഷീമഠത്തിൽനിന്നും ബദരിയിലേക്കുള്ള മാർഗ്ഗം നേരേ വടക്കോട്ടു പോകുന്നു. കുത്തനെയുള്ള മലഞ്ചെരുവിൽകൂടി ഇറങ്ങി വിഷ്ണുപ്രയാഗയിൽ എത്തിച്ചേരാൻ, കുറേയേറെ ശ്രദ്ധയും പരിശ്രമവും കൂടിയേ തീരൂ. മനോഹരമായ ഈ സംഗമസ്ഥാനം പരമപവിത്രമായ

ഒരു പുണ്യതീർത്ഥംകൂടിയാണു്. വിഷ്ണുഗംഗ ഒരു പാലത്തിലൂടേ തരണം ചെയ്താൽ, ഒരു ചെറിയ ക്ഷേത്രത്തിൽ എത്തിച്ചേരുന്നു. ഇ വിടെനിന്നും അളകനന്ദയുടെ കിഴക്കേത്തീരത്തിലൂടെ വടക്കോട്ടുപോ കുന്ന വഴിയേയാണു് ബദരിയിലേക്കു് പോകേണ്ടതു്. ഇടുങ്ങിച്ചേർന്നു നില്ക്കുന്ന, കൃഷ്ണശിലാകക്ഷങ്ങളായ പാറക്കെട്ടുകൾ, ഇടിവെട്ടുംവണ്ണം ഇരച്ചിരമ്പിപ്പായുന്ന അളകനന്ദയ്ക്കു് കടന്നുപോകാൻ സ്വയം വഴി മാറിക്കൊടുത്തതാണെന്നു തോന്നും, അവയുടെ നിലപാടു കണ്ടാൽ. വഴി ക്രമേണ ഉയൎന്നുയൎന്നു പോകുകയാണു്. ഉദിച്ചുയരുന്ന സൂര്യനേക്കാ ണാൻ സാദ്ധ്യമേയല്ല. ഈശ്വരീയമായ വിലാസധോരണി മനുഷ്യനു് വെളിവായി കാട്ടിക്കൊടുക്കാൻ, പ്രകൃതീദേവി കത്തിച്ചുയൎത്തിപ്പിടിച്ച ഭീമാകാരങ്ങളായ ദീപയഷ്ടികളോ എന്നു തോന്നും, സൂര്യപ്രകാശം ഏററു് വെട്ടിവെട്ടിത്തിളങ്ങുന്ന ഉന്നതങ്ങളായ പൎവ്വതശിഖരങ്ങൾ നി രനിരയായി നില്ക്കുന്നതു കണ്ടാൽ. ഇത്രമാത്രം ഹൃദയാവൎജ്ജകമായ പ്രകൃതി, ദൃശ്യത്തിൽ ആരുടെ മനസ്സാണു് ഈശ്വരോന്മുഖമായിത്തീ രാത്തതു്?

അളകനന്ദയുടെ തീരത്തിലൂടേ ഏതാണ്ടൊരെട്ടുമയിൽ മുന്നോട്ടു പോയാൽ ''പാണ്ഡുകേശ്വരം'' എന്ന ധാമത്തിൽ നാം എത്തിച്ചേരുന്നു. വിഷ്ണുപ്രയാഗതൊട്ടിവിടംവരേയും കടുംതൂക്കായ കരിമ്പാറക്കെട്ടുകളുടെ വശത്തുടെ വെട്ടിയുണ്ടാക്കിയ വീതികുറഞ്ഞ മാൎഗ്ഗത്തുടെ നടക്കമ്പോൾ, അടിയിലൂടെ അലച്ചലറിപ്പായുന്ന നദീവേഗം, സാമാന്യക്കാൎക്കു് ഭയാ ശങ്കകൾ ഉൽപ്പാദിപ്പിക്കാൻ പോരുന്നതാണു്. നദിയിൽ കാലുമൂന്നി ഉയൎന്നുയൎന്നു നില്ക്കുന്ന അത്യുന്നതന്മാരായ പാറകളുടെ വിടവിലൂടേ വേരുപിടിച്ചു് വളരുന്ന ചില ചെടികളും, അങ്ങു മുകളിൽ കരിമ്പാറ ക്കെട്ടുകളുടെ ഇടയ്ക്കു് തലയുമാട്ടിനില്ക്കുന്ന ചില ദേവദാരുവൃക്ഷങ്ങള മല്ലാതെ, മററു സസ്യസമൃദ്ധിയൊന്നുമില്ലാത്ത ഒരിടമാണിതു്. എന്നാൽ പാണ്ഡുകേശ്വരത്തു് എത്തിച്ചേരുമ്പോൾ പ്രകൃതി ആകെയൊന്നു മാ റുന്നു. നദീതീരത്തുനിന്നും മലകൾ പിൻമാറിയ ഒരു സമതലമാണ വിടം. ഒരു നല്ല ഗ്രാമം. കുറേ വിക്രയസ്ഥലങ്ങളും, കരിങ്കൽ പാ കിയ നടപ്പാതയും ആ പ്രദേശത്തിനു് പ്രാധാന്യം നല്കുന്നുണ്ടെന്നു് തോന്നും. കാലീകംളീവാലാസത്രം മുതലായ ചില പ്രധാന സാധു സങ്കേതസ്ഥാനങ്ങളുമുണ്ടിവിടെ. ഗ്രാമമദ്ധ്യത്തിലായി ഒരു നല്ല ക്ഷേ ത്രമുള്ളതു് അത്യധികം പവിത്രമായി സാധുജനങ്ങൾ കരുതിപ്പോരുന്നു.

പിൻതള്ളിനില്ക്കുന്ന മലകളുടെ ചെരുവുകളിൽ ധാരാളം സസ്യാദികഠം വളൎന്നുനിൽപുണ്ടു്. അതിനിടയിലൂടെ, ഉതിൎന്നു വീഴുന്ന ഒരു രാജഹംസത്തിൻെറ വെള്ളത്തൂവൽപോലെ പതഞ്ഞു് പതിച്ചും, ആലസ്യമാണ്ടു് മയങ്ങിയും, പിന്നേയും പതിച്ചും, കീഴ്പോട്ടിറങ്ങിവരികയാണൊരു കൊച്ചു കാട്ടരുവി. വായ്ച്ചു നില്ക്കുന്ന പച്ചപ്പരപ്പിൽ ചിലപ്പോഠം മറഞ്ഞും, ചിലപ്പോഠം തെളിഞ്ഞും പാണ്ഡുകേശ്വരപുരിയിലേക്കോടിയണയുന്ന ആ കുഞ്ഞരുവി അടുത്തണയുമ്പോഠം കൈനീട്ടി വാരിവലിച്ചെടുത്താലിംഗനം ചെയ്യുന്നു, പുളകിതഗാത്രിയായ അളകനന്ദ. പൂത്തുംതളിൎത്തും നില്ക്കുന്ന വൃക്ഷലതാദികഠം പരിസരങ്ങഠക്കു് അതിൻേറതായ ഒരു നിറപ്പകിട്ടു് നഠകുന്നുണ്ടു്. കൎക്കശോഗ്രങ്ങളായ കരിമ്പാറക്കെട്ടുകളും തീവ്രമായ നദീവേഗതയും, തരുലതാവിതാനിതമായ പച്ചപ്പരപ്പിനും ശാന്തഗംഭീരമായ നദീഗമനത്തിനും ഇടംനൽകയാണിവിടെ. എന്തൊരു വൈരുദ്ധ്യമാണിതെന്നു തോന്നാം. പ്രപഞ്ചഗതി ദൃഷ്ടിഗോചരമാകുന്നതു് എന്നും ഈ വിധമായിരിക്കും. പ്രകടനവൈവിദ്ധ്യങ്ങഠം ഇല്ലാതെയാകുമ്പോഠം അതോടൊപ്പം പ്രപഞ്ചവും നശിക്കയാണു്. ഇതിൻെറയെല്ലാം പിന്നിൽ സ്വയം സക്ഷീഭാവം മാത്രം കൈക്കൊണ്ടു നില്ക്കുന്ന പരമാത്മസത്തയുടെ മഹിമാവിനു മുൻപിൽ പകച്ചുനില്ക്കാനേ മനുഷ്യനു് കെല്പുള്ളു. ആ പരമാത്മസത്തയിൽ ആഴ്ന്നമൎന്നുകഴിഞ്ഞാൽ അവൻ ലോകജേതാവായി; പരിപൂൎണ്ണനായി!

പൗരാണികമായും "പാണ്ഡുകേശ്വരം" വളരെയേറെ പ്രാധാന്യം അൎഹിക്കുന്നു. പാണ്ഡവപിതാവെന്നു് പ്രസിദ്ധനായ "പാണ്ഡു" മഹാരാജാവുമായി വളരെയേറെ ബന്ധമുണ്ടത്രേ, ഈ പ്രദേശത്തിനു്. പാണ്ഡു മഹാരാജാവു് മൃഗയാവിനോദത്തിൽ ഏൎപ്പെട്ടിരിക്കുമ്പോഠം, ക്രീഡിച്ചുകൊണ്ടിരുന്ന മൃഗങ്ങളിൽ ഒന്നിനെ അമ്പെയ്തുകൊന്നതു് ഇവിടെവച്ചായിരുന്നുവെന്നാണു് പറയുന്നതു്. ക്രീഡാമദ്ധ്യേ ഇണമരിച്ചതിൽ ദുസ്സഹമായ സങ്കടം പൂണ്ട ആൺമാൻ (രൂപം മാറിയ ഒരു മഹൎഷിയായിരുന്നുവത്രേ അതു്) പാണ്ഡുവിനു് ഉഗ്രമായ ഒരു ശാപം കൊടുത്തു. ക്രീഡാസന്നദ്ധനായി സ്ത്രീയെ സ്പൎശിച്ചാൽ ശിരസ്സു പൊട്ടി മരിക്കും എന്നാണു് പാണ്ഡുവിനു കിട്ടിയ ശാപം. അനപത്യനായ പാണ്ഡുവിനു് ഇതിലേറെ കഷ്ടതരമായി മറെറന്തു ശാപമാണു് വേണ്ടതു്? എന്തെല്ലാം ദൂരവ്യാപകങ്ങളായ ഫലങ്ങളാണിതിൽനിന്നുണ്ടായതു്? ഈ ഭാഗം ഭാരതകഥയുടെ ഗതിയെ സാരമായി സ്പൎശിക്കുന്നു. ശാ

പാനന്തരം ഭാര്യാസമേതനായി അദ്ദേഹം തപം ചെയ്തു വസിച്ചതും, അവസാനം ദാരുണമായി മരണമടഞ്ഞതും, ഇവിടെവച്ചാണെന്നു പറഞ്ഞുവരുന്നു. ഏതായാലും പണ്ഡുവിൻെറ പേരുമായി വളരെയേറെ ബന്ധമുള്ള ഒരിടമാണ് പാണ്ഡുകേശ്വരം. വനവാസകാലത്തു് പാണ്ഡവന്മാർ കുറെനാൾ ഇവിടെ താമസിച്ചിരുന്നു എന്നും കഥയുണ്ടു്.

പാണ്ഡുകേശ്വരം വിട്ടു് ഏതാണ്ടൊരു നാഴിക ദൂരം മുന്നോട്ടു പോയാൽ നദീതീരത്തിലായി ഒരു ചെറിയ ക്ഷേത്രവും അതിനോടനുബന്ധിച്ച് ഒരാശ്രമവും കാണാം. അതിനു സമീപമായി പുഴയുടെ മറുകര പററുന്നതിന് ഒരു നല്ല പാലമുണ്ടു്. അതിലേ കടന്നു് ഒരു പത്തുപന്ത്രണ്ടു നാഴികദൂരം അത്യുന്നതവും അപായകരവുമായ വഴിയേ യാത്രചെയ്താൽ അതിപ്രസിദ്ധവും അതീവമോഹനവുമായ "പുഷ്പങ്ങളുടെ താഴ്‌വര"യിൽ (Valley of flowers) എത്തിച്ചേരാം. പാലംകടക്കാതെ നേരേ പോകുന്ന വഴിയാണ് ബദരീമാർഗ്ഗം. വളരെ അധികം കയററമോ ഇറക്കമോ ഇല്ലാത്തതും, യാത്രക്ക് സുഖകരവുമാണ് ഈ വഴി. സുന്ദരങ്ങളായ പ്രകൃതിദൃശ്യങ്ങളും ഓരോ ചുവട്ടററവും ബദരീപുരിയോട്ടു് നമ്മെ കൂടുതൽ സമീപിപ്പിക്കുന്നു എന്ന ആഹ്ലാദത്തളളലും മൂലം, ദൂരം പിൻതള്ളുന്നതു് നാം അറിയുന്നതേ ഇല്ല. അങ്ങിനെ ഒരു ആറു മൈൽ ദൂരം മുന്നോട്ടുപോയാൽ "ഹനുമാൻചട്ടി" എന്ന സുപ്രസിദ്ധമായ പ്രദേശത്തെത്തിച്ചേരുന്നു.

യാത്രികളിൽ വളരെയേറെ വികാരവായ്പുളവാക്കുന്ന ഒരു പ്രദേശമാണ് ഹനുമാൻചട്ടി. ബദരീപുരിക്ക് തൊട്ടു പിൻപുള്ള താവളസ്ഥാനമാണിതു്. ഇവിടെനിന്നും കഷ്ടിച്ച് ഒരഞ്ചു മൈൽ ദൂരം കൂടിയേയുള്ള ബദരിയിലേയ്ക്കു്. അതിനാൽ ലക്ഷ്യസ്ഥാനം ഏതാണ്ടു പ്രാപിച്ചുകഴിഞ്ഞ ഒരു തോന്നലാണ് ഇവിടെ എത്തുമ്പോൾ നമ്മിൽ ഉണ്ടായിപ്പോകുന്നതു്. കൂടാതെ പൗരാണികമായും ഈ പ്രദേശം അതിപ്രസിദ്ധമാണ്. ഇതിഹാസപ്രസിദ്ധനായ ശ്രീ ഹനുമാൻ ദീർഘനാൾ തപം അനുഷ്ഠിച്ച വസിച്ചതിവിടെയാണെന്നാണ് പറഞ്ഞു വരുന്നതു്. ഇവിടെനിന്നും വളരെ ദൂരമില്ല പ്രസിദ്ധമായ ഗന്ധമാദന പർവ്വതത്തിലേയ്ക്കു്. "പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ മെച്ചത്തിൽ നന്നായ്പഴുത്ത പഴങ്ങ"ളോട്ടുകൂടിയ കദളീവനത്തിൽ, അനുജൻെറ അഹങ്കാരം തീക്കാൻ തക്കവും പാത്തുവസിക്കുന്ന "രാമദാസൻ മഹാവീരൻ കപീശ്വ

രൻ ശ്രീ മഹാദേവൻെറ ബീജജനജാതനാം ശ്രീ ഹനുമാൻ'' വാണരു ളീടുന്ന മഹാരണ്യപ്രദേശമായ ഈ പുരാതന ഭൂമി, ഭാവനയുള്ളവരുടെ ഹൃദയങ്ങളിൽ എത്രയെത്ര ഭാസുരചിന്തകളെ തട്ടിയുണർത്തുകയില്ല! അ ൎത്ഥവാദജഡിലമെന്നും, ആത്മലബ്ധിക്ക് അനാവശ്യമെന്നും പലരും ഉത്ഘോഷിക്കുമെങ്കിലും, ഇത്തരം ഇതിഹാസങ്ങൾക്കും പുരാണങ്ങൾ ക്കും അതതിൻേറതായ ഒരു തലയെടുപ്പുണ്ടെന്നു പറഞ്ഞേ തീരൂ. ഏതു രാജ്യത്തിനും, ഏതു സംസ്കാരത്തിനും ഉണ്ട് അവയുടെ സമ്പത്തായി ചില പുരാണങ്ങളും ഇതിഹാസങ്ങളും എല്ലാം. എന്നാൽ ഭാരതത്തി ലുള്ളതുപോലെ ഇത്രമാത്രം ആദ്ധ്യാത്മിക പ്രാധാന്യമുള്ളതായ ഇതിഹാ സാദികൾ മറെറവിടേയും കാണുകയില്ല. ഇതിൽ പ്രതിപാദിക്കുന്ന ക ഥകളെല്ലാംതന്നെ അദ്ധ്യാത്മചിന്തയിലൂടെ കരുപ്പിടിപ്പിച്ചിട്ടുള്ളതായിരി ക്കും. മികവുററ ചിന്തകളും കഴിവുററ ഭാവനകളുംകൊണ്ടു പരിപൂൎണ്ണ മായ ഇവയിലെല്ലാം ഭാരതീയർ ഈശ്വരീയത ദർശിക്കുന്നു. സാമാ ന്യജനതക്കു പുരാണത്തിനുമീതെ ഹിന്ദുമതമേ ഇല്ല. പരിപൂൎണ്ണമല്ലങ്കി ലും, ക്രമേണ മനുഷ്യനെ ഉന്നതതലങ്ങളിലേയ്ക്കുയർത്തിവിടാനുള്ള കഴി വിവക്കുണ്ടുതാനും. കഥകളിലൂടെയോ, കടങ്കഥകളിലൂടെയോ, ഉള്ള തത്വഗ്രഹണം സാമാന്യജനതക്കു കൂടുതൽ രുചിപ്രദമാണ്. ഇതു ക രുതിയായിരിക്കണം, പുരാതനാചാര്യന്മാർ ആത്മതത്വത്തെ അൎത്ഥവാ ദരൂപേണ പുരാണങ്ങളിലൂടെ പ്രതിപാദിക്കാൻ ശ്രമിച്ചിട്ടുള്ളതു്. ഉയ രാൻ പരിശ്രമിക്കുന്ന മനുഷ്യൻെറ സന്ദേഹനിവൃത്തിക്കു പുരാണാദികൾ മതിയാകാതെ വരുമ്പോൾ, സ്മൃതികളേയും, ശ്രുതിയേയും അനുക്രമം അവലംബിക്കാനാണ് ആചാര്യാനുശാസനം. അതിനാൽ പുരാണപ ടലങ്ങളുടെ പിടിയിൽനിന്നും ഉയൎന്നു കഴിഞ്ഞു്, ജ്ഞാനനിഷ്ഠയിലേ യ്ക്കു കുതിച്ചുയരുന്ന വ്യക്തി, തന്നിൽനിന്നും താഴെയുള്ള പടിയേ നി ഷേധിക്കണമെന്നില്ല. അധികാരിഭേദമനുസരിച്ച് അതെല്ലാം ആവ ശ്യമാണ്. പരമാചാര്യന്മാരായിരുന്ന പൂൎവ്വികന്മാർ ലോകസേവന ത്തിനുവേണ്ടിയാണ് ഇവയ്ക്കെല്ലാം രൂപം കൊടുത്തതു്. ഭാരതസംസ്കാ രത്തിൻെറ വേരുകൾ പലതും പുരാണേതിഹാസങ്ങളിൽ പിടിമുറുക്കി നില്ക്കുന്നവയാണുതാനും.

ഗന്ധമാദനപൎവ്വതത്തിൽനിന്നും ഉത്ഭവിക്കുന്നതെന്നു പറയപ്പെടു ന്ന ഒരു കൊച്ചരുവി കനികത്തിപ്പാഞ്ഞുവന്നു് അളകനന്ദയിൽ ചേരു ന്നു. ഈ സംഗമസ്ഥാനം പരമ പവിത്രമെന്നു കരുതിവരുന്നു. വിചി

ത്രദർശിയായ അളകനന്ദയിൽ ബഹുവർണ്ണങ്ങളിലുള്ള ധാരാളം പാറകൾ ഉയർന്നുനില്ക്കുന്നതു മനോഹരമായ ഒരു കാഴ്ചയാണ്, വെൺമേഘശകലങ്ങൾ നിറഞ്ഞ നീലവാനിൽ അന്തിച്ചെങ്കതിരോൻ പകലിൻെറ പൂക്കൂടയിൽ ശേഷിച്ച ബഹുവർണ്ണങ്ങളായ പുഷ്പങ്ങളേ വാരിവിതറിയിരിക്കയാണെന്നു തോന്നും, ധവളവർണ്ണയായ അളകനന്ദയിൽ നീലജലം നിറഞ്ഞ കൊച്ചരുവി അലച്ചുപതിക്കുന്നതിനിടയ്ക്കു വർണ്ണവിഭൂഷിതങ്ങളായ ആ പാറകൾ നിന്നെത്തിനോക്കുന്നതുകണ്ടാൽ.

ഇവിടെനിന്നിനിയും ഒരു നല്ല കയററമാണ്. വിശ്രമിച്ചു ക്ഷീണംതീർത്ത യാത്രികർ—വിശ്രമമില്ലെങ്കിൽതന്നെയും ബദരീനാഥം സമീപസ്ഥമായതിനാൽ ആഹ്ലാദഭരിതരും തന്മൂലം ക്ഷീണം മറന്നവരുമാണ് പലരും—ബദരീവിശാൽ കീ— ജൈ എന്ന ആർപ്പുവിളികളോടെ യാത്ര ആരംഭിക്കുന്നു. കയററം കയറി കാലുകൾ തളരുന്നെങ്കിലും അതറിഞ്ഞതായിപ്പോലും ആരും കരുതുന്നില്ല. ആർത്തിരമ്പുന്ന അളകനന്ദയുടെ മന്ദ്രഗംഭീരധ്വനി, യാത്രികരുടെ കണ്ഠങ്ങളിൽനിന്നും ഇടതടവില്ലാതെ നിർഗ്ഗളിക്കുന്ന ബദരീനാഥ നാമകീർത്തനങ്ങൾക്കു ശ്രുതിയായി പരിണമിക്കയാണ്. മഞ്ഞു മൂടിയ മലകൾക്കിടയിലൂടെ കയറിക്കടന്നു യാത്രികർ അവസാനം വിസ്തൃതമായ ഒരു സമതലപ്രദേശത്തെത്തുന്നു. ഇവിടെ ഉറഞ്ഞുകൂടിയ മഞ്ഞിൽപരപ്പിനടിയിലൂടെയാണ് അളകനന്ദ ഒരന്തർവാഹിനിയെന്നവണ്ണം ഗമിക്കുന്നതു്. ഒരല്പംകൂടി മുന്നോട്ടു പോയാൽ ഉരുളൻപാറകൾ നിറഞ്ഞ ഒരു പ്രദേശമായി. അവിടെനിന്നു നോക്കിയാൽ—അതാ! കണ്ണിൻെറ പുണ്യമെന്നപോലെ മിന്നിത്തിളങ്ങുന്നു, ബദരിനാഥൻെറ പൊന്നണിഞ്ഞ ശ്രീകോവിൽ. എന്തുദ്ദേശിച്ചാണോ ഈ ക്ലേശകരമായ യാത്രയ്ക്കു പുറപ്പെട്ടതു്, ആ ഉദ്ദേശം സിദ്ധമായിക്കഴിഞ്ഞു. പുളകിതരായ യാത്രികർ സകലവിഷയങ്ങളും മറക്കുന്നു. അവരുടെ സങ്കല്പങ്ങൾ ബദരീനാഥൻെറ പാദാരവിന്ദങ്ങളിൽ അടിഞ്ഞമർന്നുകഴിഞ്ഞു.

## ബദരീനാഥം

ഈ ഉയർന്ന സമതലപ്രദേശത്തുനിന്നു നോക്കിയാൽ അളകനന്ദയുടെ ദക്ഷിണപാർശ്വത്തിലായി ബദരിപുരം ദൃശ്യമാകുന്നു. ഹിമാലയമദ്ധ്യസ്ഥമായ മററു പുണ്യഭൂമികളെ അപേക്ഷിച്ച് ഒരു തിരക്കുപിടിച്ച പ്രദേശമാണിതു്. ധാരാളം വാസഗേഹങ്ങൾ, സത്രങ്ങൾ, വിക്രയ

സ്ഥലങ്ങൾ, പോസ്റ്റാഫീസ്, കമ്പി ആഫീസ്, ആശുപത്രി, ഇംഗ്ലീഷ് മരുന്നുകടകൾ തുടങ്ങി പലതുമുണ്ടിവിടെ. എന്നാൽ ഇതിന്റെ എല്ലാമിടയിൽ പൊൻപാളി അടിച്ച ബദരീനാരായണക്ഷേത്രത്തിന്റെ മേൽപ്പുരയാണ് ആരുടേയും ദൃഷ്ടിയിൽ ആദ്യം പെടുന്നത്. എല്ലാവരും ആശിച്ചു വരുന്നത് ആദർശനത്തിനുവേണ്ടി മാത്രമാണല്ലോ. വീതിയുള്ള വഴിയേ നടന്ന് അളകനന്ദ തൂക്കുപാലത്തിലൂടെ തരണം ചെയ്തുകഴിഞ്ഞാൽ, ബദരിയിൽ നാം എത്തിക്കഴിഞ്ഞു. നിരപ്പിൽ കല്ലു പാകി വെടിപ്പാക്കിയിട്ടുള്ള ഒരു ഇരുപതടിപ്പാത, ആ ചെറുനഗരത്തിന്റെ നടുവിലൂടെ നെടുനീളെക്കിടക്കയാണ്. അതിന്റെ രണ്ടോരങ്ങളിലും വിക്രയശാലകൾ മാത്രമേയുള്ളു. ഹിമാലയൻ വാണിജ്യവിഭവങ്ങളോടൊത്തു നാടൻസാധനങ്ങളും ഇവിടെ കിട്ടും. പക്ഷേ വില വളരെ കൂടുമെന്നുമാത്രം. ഭക്ഷണശാലകൾ ധാരാളം. ഇതിലേ ഒരു രണ്ടു ഫർലോങ്ങോളം മുന്നോട്ടു പോകുമ്പോൾ വഴിയുടെ ഇടത്തു ഭാഗത്തായി മനോഹരമായ ബദരീനാരായണക്ഷേത്രം സ്ഥിതിചെയ്യുന്നതു കാണാം. നല്ല വീതിയിൽ വൃത്തിയായി പടുത്തുയർത്തിയിട്ടുള്ള പത്തിരുപതു കൽപടവുകൾ കയറിയാൽ ക്ഷേത്രത്തിന്റെ മുൻപിൽ കലാഭംഗിയോടെ പണിതുയർത്തിയിട്ടുള്ള ഗോപുരദ്വാരമായി. ഇതിന്റെ രണ്ടു ഭാഗങ്ങളിലുമുള്ള ഓരോ വിശാലങ്ങളായ മുറികളിൽ ഒന്ന്, അവിടത്തെ പ്രധാന പൂജാരിയായ റാവൽസാഹിബിന് ആവശ്യം തോന്നുമ്പോൾ വിശ്രമിക്കാനുള്ളതാണ്; മററതു നാമഭജനത്തിനുള്ളതും. നട തുറന്നാൽ അടയ്ക്കുന്നതുവരേയും ഈ മുറിയിൽനിന്നും അനുസ്യൂതം ഭജനാവലി ഉയർന്നുകൊണ്ടേയിരിക്കും. വന്നുകൊണ്ടും പൊയ്ക്കൊണ്ടും ഇരിക്കുന്ന വിവിധദേശീയർ, അവരവരുടേതായ ഭജനകൾ നടത്തി സംതൃപ്തി നേടുകയാണ്; അവരുടെ കഴിവിനനുസരിച്ചു ബദരീശനെ സ്തുതിക്കയാണ്. ഇവിടെനിന്നുള്ളിലേയ്ക്കു കടന്നാൽ ക്ഷേത്രാന്തർഭാഗമായി. നിറയെ കരിങ്കൽ വിരിച്ചുറപ്പിച്ചിട്ടുള്ള വിശാലാങ്കണത്തിനു ചുററുമായി നാലമ്പലത്തിന്റെ രീതിയിൽ പണിതിട്ടുള്ള ക്ഷേത്രവിഭാഗമാണ്. അങ്കണമദ്ധ്യത്തിലായി ഭഗവാന്റെ മനോഹരമായ ശ്രീകോവിൽ ഉയർന്നു നില്ക്കുന്നു. ആകർഷകമായ രീതിയിൽ പണിതിട്ടുള്ള ആ ശ്രീകോവിലിനുള്ളിലാണ് വിശ്വവിശ്രുതമായ നരനാരായണപ്രതിഷ്ഠ. അവിടെ മനോഹരമായി അലങ്കരിച്ചു നിർത്തിയിരിക്കുന്ന ഭഗവന്മൂർത്തി ആരെയാണ് അപഹൃതചിത്തരാക്കാത്തതു്? എത്രയോ ദൂരദേശങ്ങളിൽനി

# ജ്ഞാനാശ്രമവാർത്തകൾ

1964 ആഗസ്റ്റ് രണ്ടാം തീയതി മുതൽ, മദ്രാസിൽ ത്യാഗരാജ നഗറിൽവച്ച് സ്വാമി പൂർണ്ണാനന്ദതീർത്ഥ ഒരു മാസം നീണ്ടുനില്ക്കുന്ന ഒരു ഗീതാജ്ഞാനയജ്ഞം ആരംഭിക്കുന്നതാണ്.

---

നും, ഇത്രമാത്രം ബുദ്ധിമുട്ടി എത്തിച്ചേർന്നിട്ടുള്ള ഭക്തജനങ്ങൾക്കെല്ലാം തികച്ചും സംതൃപ്തി നല്കാൻ പോരുന്നതാണ് ആ ഭഗവത്ദർശനം. അവരുടെ ക്ഷീണമെല്ലാം എങ്ങോ പോയൊളിക്കുന്നു. ശരീരം പുളകച്ചാർത്തണിയുന്നു; കണ്ണിൽ കർപ്പൂരധാര പകരുന്നു; ഹൃദയം ആനന്ദമയമാകുന്നു. അല്ലയോ ബദരീനാഥാ! അങ്ങ് സർവ്വാന്തര്യാമിയും, സർവ്വലോകഹിതരതനും, സ്നേഹവാരാന്നിധിയുമല്ലെന്ന് ആരാണ് പറയുന്നത്? അങ്ങനെ പറയുന്നവരുണ്ടെങ്കിൽ അവരുടെ നിർഘൃണതയിൽ കോപിക്കയല്ല; നിർഭാഗ്യതയിൽ പരിതപിക്കയാണ് വേണ്ടത്. ഓരോരുത്തൎക്കും അവരവൎക്ക് ഹൃദയാനുകൂലമായ ഭാവദാതൃത്വമാണല്ലോ ഭഗവത് കാരുണ്യത്തിന്റെ പരമമായ ലക്ഷണം. തീർച്ചയായും ബദരീനാഥൻ ഭക്തഹിതൈഷിയാണ്; സംശയമില്ല. അവിടെ എത്തിച്ചേർന്നിട്ടുള്ള ഓരോരുത്തരുടേയും മുഖങ്ങൾ ഉച്ചൈസ്തരം പറയുന്നുണ്ട്, അവരെല്ലാം തൃപ്തിയുടെ കൊടുമുടിയിലാണെന്ന്; ആനന്ദത്താൽ അഭിഷിക്തരാണെന്ന്.

പ്രധാന ശ്രീകോവിലിനെതിരായി മറെറാരു പ്രതിഷ്ഠകൂടിയുള്ളതു സാക്ഷാൽ ശ്രീശങ്കരഭഗവത്പാദരുടേതാണ്. ബദരീനാഥക്ഷേത്രസ്ഥാപകനെന്നും, അദ്വൈതപരമാചാര്യനെന്നും, പ്രസിദ്ധനായ ആ പരമഹംസന്റെ—ഋഷീശ്വരന്റെ—വിഗ്രഹംകൂടി ബദരീനാഥക്ഷേത്രത്തിനുള്ളിൽത്തന്നെ വച്ചു പൂജിക്കുന്നതു് അത്യന്തം ഉചിതംതന്നെ. ബദരീദർശനം ചെയ്യുന്നവർ ശ്രീശങ്കരനെ സ്മരിക്കാതിരുന്നാൽ അവരുടെ തീർത്ഥയാത്ര ഒരിക്കലും പൂർണ്ണമായി എന്നു വരുന്നതല്ലല്ലോ.

(തുടരും)

# KAIVALYA SUDHA

*AN ENGLISH MONTHLY*

**Presenting the quintessence of practical Vedanta**

Published by:

**THE JNANA ASRAM**

*On the 15th of every English month.*

**Rate of Subscription: Rs. 5 per year.**

# JNANA SUDHA

*Lectures on Vedanta*

*By*

**SWAMI POORNANANDA TIRTHA**

**Delivered at Bombay in 1962**

**Size Demy Octavo** **Published in book form.**

**Pages 325** **Price Rs. 6**

*Copies can be had from:—*

N. R. KRISHNAN

No. 4 Shakuntal, Plot No. 110,

Sion West, Bombay—22

Reg. No. K. 434




Edited, printed and published by Swami Dayananda Teertha for Jnana Asram, Parlikad. Printed at the Geetha Press, Trichur.